**പതിനാലാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2016-2019)

## അഞ്ചാമത് റിപ്പോർട്ട്

(2017 ആഗസ്റ്റ് 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ഭാരതപ്പുഴയുടെ മലിനീകരണവും സംരക്ഷണവും സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

പതിനാലാം കേരള നിയമസഭ

## പരിസ്ഥിതി സംബന്ധിച്ച സമിതി

## (2016-2019)

**അഞ്ചാമത് റിപ്പോർട്ട്**

(2017 ആഗസ്റ്റ് 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ഭാരതപ്പുഴയുടെ മലിനീകരണവും സംരക്ഷണവും സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്)**

1268/2017.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| ആമുഖം | | .. | ix |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകൾ | .. | 6 |
| അനുബന്ധം I (a) : | 19-1-2017-ലെ യോഗനടപടിക്കുറിപ്പ് | .. | 10 |
| (b) : | 15-6-2017-ലെ യോഗനടപടിക്കുറിപ്പ് | .. | 21 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മുല്ലക്കര രത്നാകരൻ.

<u>അംഗങ്ങൾ</u> :

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. എസ്. അനസ്, അഡീഷണൽ സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീബ വർഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭാരതപ്പുഴയുടെ മലിനീകരണവും സംരക്ഷണവും സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി നടത്തിയ ചർച്ചയുടെയും തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും അതിൻപ്രകാരമുള്ള ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2017 ആഗസ്റ്റ് 21-ാം തീയതി കൂടിയ സമിതിയോഗം അംഗീകരിച്ചു

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

# ആമുഖം

നാം ഇന്ന് ജീവിക്കുന്ന കാലഘട്ടത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയം പരിസ്ഥിതി സംരക്ഷണമാണ്. നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന ആവാസവ്യവസ്ഥകളും, പുഴകളും നദികളുമെല്ലാം മനുഷ്യന്റെ അത്യാർത്തിയുടെയും കരുതലില്ലായ്മയുടെയും നിദർശനങ്ങളാണ്. പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം നമുക്കും ഭാവിതലമുറയ്ക്കും ആവശ്യമായ ശുദ്ധജലവും ശുദ്ധവായുവും ഉറപ്പുവരുത്തുകയാണ് പ്രകൃതി സംരക്ഷണത്തിന്റെ പ്രധാന ലക്ഷ്യം. പുഴകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ ആവാസവ്യവസ്ഥയുടെ പ്രധാന കണ്ണികൾ തന്നെയാണ്. ജൈവമണ്ഡലത്തെ തനതായ രീതിയിൽ നിലനിർത്തുന്നതിന് പാഴ്ജലവും വിഷലിപ്ത വാതകങ്ങളും പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളും സംസ്കരിച്ച് പ്രകൃതിക്കും മറ്റ് ജീവജാലങ്ങൾക്കും ദോഷമുണ്ടാകാത്ത വിധത്തിൽ ഉപയോഗിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. വിവിധ തരത്തിലുള്ള മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലൂടെ ജലസ്രോതസ്സുകളും വായുവും, മണ്ണും, അപകടകരമായ രീതിയിൽ മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മാലിന്യങ്ങൾ നിരുത്തരവാദപരമായ രീതിയിൽ സംസ്കരിക്കുന്നതിലൂടെ നദികളും പുഴകളും മലിനമാക്കപ്പെട്ട് ജീവന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്നു. സംസ്ഥാനത്തെ പുഴമലിനീകരണവുമായി ബന്ധപ്പെട്ട് സമിതിക്ക് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയിൽ അതീവ ഗൗരവതരമായിട്ടുള്ളതാണ് ഭാരതപ്പുഴയുമായി ബന്ധപ്പെട്ട പരാതികൾ.

കേരളത്തിന്റെ മൂന്ന് വടക്കൻ ജില്ലകളെ മാത്രം (പാലക്കാട്, മലപ്പുറം, തൃശ്ശൂർ) തഴുകി ഒഴുകുന്നതാണെങ്കിലും കേരളത്തിന്റെ ചരിത്രവും സംസ്കാരവും രൂപപ്പെട്ടത് ഭാരതപ്പുഴയുടെ തീരത്താണ് എന്ന വസ്തുത നമുക്കറിയാവുന്നതാണ്. മലയാളിക്ക് 'ഭാരതപ്പുഴ' എന്നും ഗൃഹാതുരത്വം ഉണർത്തുന്ന ജീവവാഹിനിയാണ്. ഏറിയ കുറും നശിപ്പിക്കപ്പെട്ട ഈ നദിയെ സംരക്ഷിച്ചില്ലെങ്കിൽ പ്രസ്തുത ചരിത്രവും സംസ്കാരവും മാത്രമല്ല നമ്മുടെ പരിസ്ഥിതിയും ഓർമ്മകൾ മാത്രമായി മാറും. ഭാരതപ്പുഴയുടെ തീരപ്രദേശത്ത് പ്രവർത്തിച്ചുവരുന്ന വ്യവസായ സ്ഥാപനങ്ങളും ഹോട്ടലുകളും കെട്ടിട സമുച്ചയങ്ങളും പുഴയുടെ മലിനീകരണത്തിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട് എന്നുള്ളത് ഗൗരവമായി കാണേണ്ട വിഷയം തന്നെയാണ്. നദീതീരത്തെ അനധികൃത കയ്യേറ്റവും പോഷകനദികളിലെയും ഭാരതപ്പുഴയുടെ തന്നെയും അനിയന്ത്രിതമായ മണൽ ഖനനവും നദിയുടെ നാശത്തിന് വഴി വെയ്ക്കുന്നു. കൂടാതെ പുഴയുടെ മലിനീകരണം നദീതടത്തിൽ വസിക്കുന്നവർക്ക് നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു. ഇവരുടെ ദുരിതങ്ങൾ സംബന്ധിച്ച നിരവധി പരാതികളും സമിതിക്ക് ലഭിച്ചിട്ടുണ്ട്.

പ്രസ്തുത പരാതികൾ സമിതി വിശദമായി പരിശോധിക്കുകയും അതു സംബന്ധിച്ച് പരിസ്ഥിതി, ജലവിഭവം, റവന്യൂ, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി 19-1-2017-ൽ പാലക്കാട്ടും 15-6-2017-ൽ തിരുവനന്തപുരത്തും വച്ച് തെളിവെടുപ്പ് ഉൾപ്പടെയുള്ള വിശദമായ ചർച്ച നടത്തുകയും ഭാരതപ്പുഴയുടെ സമീപ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ഫാക്ടറികളും മലിനീകരണം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളും സന്ദർശിക്കുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പുകളുടെയും ചർച്ചകളുടെയും ഫലമായി സമിതി എത്തിച്ചേർന്ന നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

1268/2017.

അദ്ധ്യായം I

# റിപ്പോർട്ട്

കേരള സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന അതിസങ്കീർണ്ണ പ്രശ്നങ്ങളിൽ ഒന്നായി പരിസ്ഥിതി പ്രശ്നങ്ങൾ മാറിയിരിക്കുന്നു. പ്രകൃതി നൽകിയ പരിസ്ഥിതി സമ്പത്തിനെ സംരക്ഷിക്കാതിരുന്നാൽ ജനസമൂഹത്തിന് നിലനിൽപ്പില്ല എന്ന വസ്തുത തിരിച്ചറിഞ്ഞിട്ടും വിവേകരഹിതമായ ഇടപെടലുകളും വികലമായ വികസന പ്രവർത്തനങ്ങളും നിർദ്ദാക്ഷിണ്യമായ പ്രകൃതി ചൂഷണവുംമൂലം കുളങ്ങൾ, നദികൾ, കാവുകൾ തുടങ്ങിയ ആവാസ വ്യവസ്ഥകൾ നശിക്കുന്നതിനും ജീവന്റെ നിലനിൽപ്പിനാധാരമായ ജലം, വായു, മണ്ണ് എന്നിവ വിഷലിപ്തമാകുന്നതിനും കാരണമായിരിക്കുന്നു. പ്രകൃതിയോടുള്ള നിരുത്തരവാദപരമായ മനോഭാവം മാറ്റിയെടുക്കുന്നതിനും ആവാസ വ്യവസ്ഥയും ജലവും വായുവും മണ്ണും സംരക്ഷിക്കുന്നതിനും അവ ഭാവിതലമുറയ്ക്കുവേണ്ടി പരിരക്ഷിയ്ക്കുന്നതിനും ശക്തമായ ഇടപെടലുകളും നിയന്ത്രണങ്ങളും അനിവാര്യമായിരിക്കുന്നു.

പരിസ്ഥിതി ദിനത്തിലും ഭൗമദിനത്തിലും വനദിനത്തിലും ജലദിനത്തിലും മാത്രം നാം പ്രകൃതിയെ ഓർമ്മിച്ചാൽ പോരാ, ഓരോ നിമിഷവും അതിന്റെ സംരക്ഷണത്തിനായി പോരാടേണ്ടിയിരിക്കുന്നു. പുഴകളെ നശിപ്പിച്ചതിനുശേഷം നദീശുചീകരണം എന്ന പേരിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. പുഴയുടെ വൃഷ്ടിപ്രദേശത്ത് നടക്കുന്ന അനിയന്ത്രിത മണൽഖനനം എല്ലാ നദികളെയും കൊല്ലുന്നു. മണലെടുത്താൽ വെള്ളത്തിന് കൂടുതൽ എളുപ്പത്തിൽ ഒഴുകാൻ കഴിയുമല്ലോ എന്ന് പ്രത്യക്ഷത്തിൽ തോന്നിയേക്കാം. എന്നാൽ, മണലുണ്ടെങ്കിലേ വെള്ളം നദിയുടെ ആഴത്തിലേക്ക് ഊർന്നിറങ്ങി ഭൂഗർഭജലം സംരക്ഷിക്കപ്പെടുകയുള്ളൂ.

ലോകമെമ്പാടും ജനപഥങ്ങളും, സംസ്കാരവും, സാഹിത്യവും എല്ലാം മുളപൊട്ടിയത് നദീതടങ്ങളിലാണ്. മലയാള സാഹിത്യത്തിൽ ഭാരതപ്പുഴ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന് നാം കേട്ടറിഞ്ഞിട്ടുള്ളതാണ്. ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായ മണൽപ്പുറത്തെ മാമാങ്കങ്ങളിൽ പൊരുതിമരിച്ച ചാവേറുപടനായകന്മാരുടെ രണവീര്യത്തെ കുറിച്ച് നാടോടിപ്പാട്ടുകളും കഥകളും ധാരാളമുണ്ട്. പുഴയോരത്ത് പല മഹാക്ഷേത്രങ്ങളുമുണ്ട്. കേരളീയരായ പല ജ്യോതിശാസ്ത്രപണ്ഡിതന്മാരും ജീവിച്ചത് ഭാരതപ്പുഴയുടെ കരയിലാണ്. കേരള സംസ്കൃതിയുടെ അടിസ്ഥാനം എന്ന് പറയാവുന്ന പറയിപെറ്റ പന്തിരുകുലം പടർന്ന് പന്തലിച്ചത് നിളയുടെ തീരത്താണ്, അതുപോലെ നിരവധി സാഹിത്യകാരന്മാർ, കവികൾ, കഥകളി ആചാര്യൻമാർ അങ്ങനെ എത്രയോ ആളുകൾക്ക് വളരാനുള്ള സാഹചര്യം ഒരുക്കിയതും നിളയുടെ മടിത്തട്ടാണ്. ഭാരതപ്പുഴയുടെ തീരം പണ്ടുതന്നെ ജനനിബിഡമായിരുന്നു. കൃഷിയായിരുന്നു പ്രധാന തൊഴിൽ. ഓട് കമ്പനികൾ, കാർഷികോപകരണ വ്യവസായം, നെല്ലുകുത്തുവ്യവസായം തുടങ്ങിയ ചെറിയ വ്യവസായങ്ങളും കൈത്തറി, മൺപാത്ര നിർമ്മാണം, പായനെയ്ത്ത്, ബീഡി നിർമ്മാണം എന്നീ കുടിൽ വ്യവസായങ്ങളും ഇവിടെ സാർവ്വത്രികമായിരുന്നു.

ജലസേചന പദ്ധതികൾ പലതും ഭാരതപ്പുഴയുടെ പോഷകനദികളിലും ഉപനദികളിലുമുണ്ട് (വാളയാർ, മലമ്പുഴ, മംഗലം, മീൻകര, ചുള്ളിയാർ, പോത്തുണ്ടി മുതലായവ). ജലമാർഗ്ഗം ഷൊർണ്ണൂർ മുതൽ അറബിക്കടൽവരെ ചരക്കുകൾ കൊണ്ടുപോകുവാനും ഭാരതപ്പുഴ സഹായകമാണ്.

കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ (209 കി.മീ.) നദിയായ ഭാരതപ്പുഴ തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ലയിലെ ആനമലയിൽനിന്നും ഉത്ഭവിക്കുന്നു. തമിഴ്നാട്ടിലൂടെ ഒഴുകുന്ന ഈ നദിയുടെ ഭാഗം ആളിയാർ എന്നും കേരളത്തിൽ നിളയെന്നും പേരാറെന്നും പൊന്നാനിപ്പുഴയെന്നും അറിയപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നും 1964 മീറ്റർ ഉയരെയാണ് ഉത്ഭവസ്ഥാനം. കോയമ്പത്തൂർ, പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലൂടെ പടിഞ്ഞാറോട്ടൊഴുകി ഭാരതപ്പുഴ പൊന്നാനിക്കടുത്ത് വച്ച് അറബിക്കടലിൽ ചേരുന്നു. കേരളത്തിൽ ഏറ്റവും വിസ്തൃതമായ നദീതട പ്രദേശം ഭാരതപ്പുഴയുടേതാണ്. പാലക്കാട്, ചിറ്റൂർ, ഷൊർണ്ണൂർ എന്നിവ നദീതട പ്രദേശത്തുള്ള പ്രധാന സ്ഥലങ്ങളാണ്. ഭാരതപ്പുഴയിൽ ജലസേചനത്തിനായി ഏഴ് വൻകിട പദ്ധതികളും ഒട്ടേറെ ചെറുകിട പദ്ധതികളുമുണ്ട്. ഭാരതപ്പുഴയുടെ ഒരു ഉപപോഷകനദിയായ മലമ്പുഴയിൽ അണകെട്ടി കനാൽവഴി പാലക്കാട് ജില്ലയിൽ ഇരുപത്തിഒന്നായിരത്തോളം ഹെക്ടർ (21045 ഹെക്ടർ) കൃഷി ഭൂമിയിൽ (ഇരുപ്പൂ) ജലസേചനം ഏർപ്പെടുത്തുന്ന മലമ്പുഴ പദ്ധതി 1966-ൽ പൂർത്തിയായി. കേരളത്തിലെ ഏറ്റവും കൂടുതൽ ജലസംഭരണ ശേഷിയുള്ള അണക്കെട്ടുകളിലൊന്നാണിത്.

മേൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങളിൽനിന്നും വെളിവാകുന്നത് ഭാരതപ്പുഴ കേരളത്തിന്റെ സമ്പദ്ഘടനയെ എത്രത്തോളം സ്വാധീനിക്കുന്നു എന്നുള്ളതാണ്. കാർഷിക മേഖലയുടെ നിലനിൽപ്പിനും പുരോഗതിക്കും ഈ നദിയുടെ പ്രാധാന്യം എടുത്തുപറയേണ്ടതില്ലല്ലോ. അങ്ങനെയുള്ള ഭാരതപ്പുഴയാണ് ഇന്ന് മരണത്തോട് മല്ലടിച്ച് കഴിയുന്നത്. നീരൊഴുക്ക് തടസ്സപ്പെട്ട് അവിടവിടെ ചെറിയ കുഴികളിൽ കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ മാത്രമാണിന്ന് ഭാരതപ്പുഴ. ഏതൊരു പ്രകൃതിസ്നേഹിയേയും പരിസ്ഥിതി പ്രവർത്തകരേയും സങ്കടപ്പെടുത്തുന്ന കാഴ്ചയാണിത്. ഒരു വ്യാഴവട്ടകാലത്തിനുള്ളിൽതന്നെ ഭാരതപ്പുഴ നശിച്ച് ഇല്ലാതാകുമെന്ന അവസ്ഥ നിലനിൽക്കുന്നു. വേനൽക്കാലം തുടങ്ങുന്നതോടെതന്നെ പുഴ വറ്റിവരളുന്നു. ഇന്ന് നാം കാണുന്നത് ഒരു കാലത്ത് പ്രതാപത്തോടെ നിറഞ്ഞ് ഒഴുകിയിരുന്ന ഭാരതപ്പുഴയുടെ 'ഫോസിൽ' മാത്രമാണ്.

പാലക്കാട് ജില്ല ഏതാണ്ട് മുഴുവനായും തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ഏതാനും ഭാഗങ്ങളും ഉൾക്കൊണ്ട വിപുലമായ പ്രദേശത്തെ ഏക ശുദ്ധജല സ്രോതസ്സാണ് ഭാരതപ്പുഴ. മൂന്നു ജില്ലകളിലെ 175 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലേക്കും 8 നഗരസഭാ പ്രദേശങ്ങളിലേക്കുമുള്ള 444 കുടിവെള്ള പദ്ധതികൾക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും ആശ്രയമേകാൻ മറ്റൊരു പുഴയും സംസ്ഥാനത്ത് ഇല്ല. വടക്കൻ കേരളത്തിന്റെ സാഹിത്യ സാംസ്കാരിക മണ്ഡലത്തിൽ വലിയ സ്വാധീനമുണ്ടായിരുന്ന ഭാരതപ്പുഴയുടെ സൗന്ദര്യം വേനൽക്കാലത്ത് വെള്ളംവറ്റി മണൽപ്പരപ്പായി വിവർണ്ണമാവുന്നത് കാണാൻ നാം ഇന്ന് വിധിക്കപ്പെട്ടിരിക്കുന്നു.

മൂന്നു ജില്ലകളിലെ കടിവെള്ള വിതരണത്തിനും കാർഷിക ജലസേചനത്തിനുമുള്ള പ്രധാന സ്രോതസ്സായ ഭാരതപ്പുഴ അനിയന്ത്രിത മണൽവാരലിലൂടെയും മലിനീകരണത്തിലൂടെയും കയ്യേറ്റങ്ങളിലൂടെയും മരണത്തോടടുക്കുകയാണ്. വിവിധതരത്തിലുള്ള മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതിലൂടെ ഭാരതപ്പുഴ അപകടകരമായ രീതിയിൽ മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാരതപ്പുഴയുടെയും പോഷക നദികളുടെയും തീരങ്ങളിൽ മാലിന്യ കൂമ്പാരങ്ങൾ കാണുവാൻ കഴിയും. അശാസ്ത്രീയമായ മാലിന്യസംസ്കരണവും, വ്യവസായവൽക്കരണവും, യുക്തിസഹമല്ലാത്ത വികസനപ്രവർത്തനങ്ങളും ഭാരതപ്പുഴയുടെ മലിനീകരണത്തിനുള്ള പ്രധാന കാരണങ്ങളാണ്. പുഴയുടെ തീരത്തെ വ്യവസായശാലകൾ, ഹോട്ടലുകൾ, ഫ്ലാറ്റുകൾ എന്നിവിടങ്ങളിൽ നിന്നുള്ള അഴുക്കുചാലുകൾ തുറന്നിരിക്കുന്നത് പുഴയിലേക്കാണെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറവുമാടുകളുടെ അവശിഷ്ടങ്ങൾ, കോഴിവേസ്റ്റ്, പ്ലാസ്റ്റിക് മാലിന്യം, കക്കൂസ് മാലിന്യം, കെട്ടിടനിർമ്മാണ അവശിഷ്ടങ്ങൾ, കച്ചവടസ്ഥാപനങ്ങളിലും റയിൽവേ സ്റ്റേഷനിൽ നിന്നുമുള്ള മാലിന്യങ്ങൾ എന്നിവയെല്ലാം ഈ പുഴയിൽ എത്തിച്ചേരുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്നു.

ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് നിരവധി കടിവെള്ള പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെങ്കിലും ഈ കടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയ, ഇകോളി ബാക്ടീരിയ എന്നിവയുടെ അളവ് അനുവദനീയമായതിലും കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കടിവെള്ളം വേണ്ടവിധം ശുദ്ധീകരിച്ച് നൽകുന്നതിനും ജല മലിനീകരണം തടയുന്നതിനും ജലവിഭവം, ആരോഗ്യം എന്നീ വകുപ്പുകൾ പ്രഥമ പരിഗണന നൽകിയില്ലെങ്കിൽ കേരളത്തിൽ പകർച്ച വ്യാധികൾ ഉൾപ്പടെയുള്ള രോഗങ്ങൾ വ്യാപകമാകുന്ന അവസ്ഥ സംജാതമാകുമെന്ന് സമിതി വിലയിരുത്തുന്നു.

ആസൂത്രണ പിഴവുകൊണ്ടും കെടുകാര്യസ്ഥതകൊണ്ടും നിയമങ്ങൾ ഒന്നുംതന്നെ പാലിക്കപ്പെടാതെ ജനവാസമേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോളകമ്പനികളും ഇരുമ്പുരുക്കുകമ്പനികളുമടക്കമുള്ള പലകമ്പനികൾക്കും പുഴയുടെ മലിനീകരണത്തിൽ നിർണായക പങ്കുണ്ട്. കേരളത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ വ്യവസായ മേഖലയായ കഞ്ചിക്കോട് സ്ഥിതി ചെയ്യുന്ന പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കൂടി ഒഴുകുന്ന കോരയാർ പുഴയിൽ കഞ്ചിക്കോട്ടെ 44 ഇരുമ്പുരുക്ക് കമ്പനികൾ ഉൾപ്പെടെയുള്ള നിരവധി കമ്പനികളിൽ നിന്ന് വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് അതീവഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. കോരയാർപുഴ ഒഴുകി കൽപ്പാത്തിപ്പുഴ വഴി ഭാരതപ്പുഴയിലാണ് അവസാനിക്കുന്നത്. ആരോഗ്യവകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ പ്രവർത്തിക്കുന്ന പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസ് ഉൾപ്പെടെയുള്ള കമ്പനികളിൽ നിന്നുള്ള മാലിന്യങ്ങളും കമ്പനികളിലെ ശൗചാലയങ്ങളിൽ നിന്നും ഒഴുക്കിവിടുന്ന മനുഷ്യവിസർജ്ജ്യങ്ങളും പുഴയെ മലിനീകരിക്കുന്നതുമൂലം ഈ പുഴ കടന്നുപോകുന്ന പല ഭാഗങ്ങളിലുമുള്ള കടിവെള്ള സ്രോതസ്സുകളും അതിഗുരുതരമായി മലിനമാക്കപ്പെട്ടിരിക്കുന്നു. കോരയാർ പുഴയിലേക്ക് മാലിന്യങ്ങൾ ഒഴുക്കിവിടുന്ന

സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കാത്തതും വ്യവസായ സ്ഥാപനങ്ങൾ മലിനജലം ഒഴുക്കിവിടുന്നതുംമൂലം പുഴയിലെ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതായും തീരവാസികൾക്ക് ത്വക്ക് രോഗങ്ങൾ പിടിപെടുന്നതായും സമിതി നിരീക്ഷിക്കുന്നു.

വിവിധ തരത്തിലുള്ള ഖര-ദ്രവ മാലിന്യങ്ങളാൽ മലിനമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന പുഴയുടെ പാരിസ്ഥിതിക ഘടനയെ തകർക്കുന്ന മറ്റൊരു വിപത്താണ് പുഴയിൽ നിന്നുള്ള അനിയന്ത്രിതമായ മണലൂറ്റൽ. മണൽ വാരൽ സംബന്ധിച്ച് പല നിർദ്ദേശങ്ങളും നിബന്ധനകളും നിലനിൽക്കേ, നിയമത്തിൽ വന്നിട്ടുള്ള പോരായ്മകളും നിയമം നടപ്പാക്കേണ്ട വകുപ്പുകളുടെ പ്രവർത്തനത്തിലെ ഏകോപനമില്ലായ്മയുംമൂലം അനധികൃത മണൽ വാരൽ നിർബാധം തുടരുന്നു. അശാസ്ത്രീയവും ദീർഘവീക്ഷണമില്ലാത്തതുമായ നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടി നദീ സംരക്ഷണ നിയമങ്ങളെ നോക്കുകുത്തിയാക്കി നടത്തുന്ന അമിതമായ മണലെടുപ്പുമൂലം ഭാരതപ്പുഴ വേനൽക്കാലത്ത് ഏതാണ്ട് പൂർണ്ണമായും മരണമടഞ്ഞ നിലയിലാണ്. നീരൊഴുക്കിന്റെ ശക്തി കുറഞ്ഞതോടെ കടൽവെള്ളം കയറി ജലത്തിൽ ഉപ്പുരസം വർദ്ധിച്ചിരിക്കുന്നു. ഭാരതപ്പുഴയ്ക്കു കുറുകെയുള്ള പാലങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തി കൊണ്ടാണ് മണൽവാരൽ നടക്കുന്നത്. പുഴയിൽ നിന്നും ഒരു വർഷം എടുക്കാവുന്ന മണൽ എത്രയാണെന്ന് തിട്ടപ്പെടുത്തുവാൻ സാന്റ് ഓഡിറ്റിംഗ് നടത്തുന്നതിനായി ചുമതലപ്പെടുത്തിയ ഏജൻസി യഥാസമയം റിപ്പോർട്ട് നൽകിയിട്ടില്ല എന്ന വിവരവും സമിതി മനസ്സിലാക്കുന്നു.

ഭാരതപ്പുഴയിൽ കുടിവെള്ളത്തിനെന്ന പേരിൽ വലിയ ചെക്ക്ഡാമുകൾ പഞ്ചായത്തുകൾ തോറും നിർമ്മിക്കുന്ന അവസ്ഥ കൂടിവരികയാണ്. ഇത് പുഴയുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. പുഴ ഒഴുകാതാകുമ്പോൾ ഭൂഗർഭ ജലത്തിന്റെ അളവ് കുറയുകയും അങ്ങനെ പുഴയുടെ തീരത്തെ പല ശുദ്ധജല പദ്ധതികളും ഇന്ന് സ്മാരകങ്ങളായി മാത്രം അവശേഷിക്കുകയും ചെയ്യുന്നു. കുടിവെള്ളത്തിനായി ഒരു കുഴൽക്കിണർ പോലും കുഴിക്കാൻ പൊതുജനങ്ങൾക്ക് അനുവാദമില്ലാത്ത സാഹചര്യത്തിലാണ് പെപ്സി, യു.ബി. ഗ്രൂപ്പ് തുടങ്ങിയ കോളക്കമ്പനികളും കുപ്പിവെള്ള-മദ്യ ഉല്പാദക കമ്പനികളും ഉൾപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ ദിനംപ്രതി ലക്ഷക്കണക്കിന് ലിറ്റർ ഭൂഗർഭജലം ചൂഷണം ചെയ്യുന്നത്. മണലിൽ കയങ്ങളുണ്ടാക്കി പുഴയുടെ സ്വഭാവം നഷ്ടപ്പെടുത്തുന്നതുപോലെ ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴ്ന്നു പോകുന്ന അവസ്ഥയ്ക്ക് കാരണമായിത്തീരുകയും ചെയ്യുന്നു.

കേരളത്തിന്റെ കാർഷിക-സാമ്പത്തിക-സാംസ്കാരിക-പാരിസ്ഥിതിക ഘടനയുടെ ആണിക്കല്ലായ ഭാരതപ്പുഴയുടെ സംരക്ഷണം സംസ്ഥാന സർക്കാരിന്റെ ഏറ്റവും മുൻഗണന അർഹിക്കുന്ന ബാധ്യതയാണ്. ഭാരതപ്പുഴയെ സംരക്ഷിക്കുവാനും പുനരുജ്ജീവിപ്പിക്കുവാനും പലതരം പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അവയെല്ലാം തന്നെ ചർച്ചകളിലും പ്രഖ്യാപനങ്ങളിലും മാത്രമായി ഒതുങ്ങുന്നു. പുഴ സംരക്ഷിക്കുന്നതിനായി ആദ്യം സംരക്ഷിക്കേണ്ടത് പുഴയ്ക്കവകാശപ്പെട്ട ഭൂമിയാണ്.

അനധികൃത കയ്യേറ്റം ഒഴിപ്പിക്കുക എന്നത് ഭാരതപ്പുഴയുടെ നിലനിൽപ്പിന് അനിവാര്യമാണ്. പുഴയ്ക്കിരുവശങ്ങളിലുമുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തി കയ്യേറ്റം ഒഴിപ്പിക്കുക എന്നത് റവന്യൂ വകുപ്പിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ നദീതീരത്തെ കയ്യേറ്റങ്ങളെക്കുറിച്ചോ ഒഴിപ്പിച്ചെടുത്തിട്ടുള്ള കയ്യേറ്റങ്ങളെക്കുറിച്ചോ ഉള്ള അസസ്‌മെന്റുകളോ, കണക്കുകളോ റവന്യൂ വകുപ്പിന്റെ പക്കൽ ഇല്ല എന്നത് സമിതിയെ ആശ്ചര്യപ്പെടുത്തുന്നു. ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ഇക്കാര്യത്തിൽ കാണിക്കുന്ന അനാസ്ഥയും ഉത്തരവാദിത്വമില്ലായ്മയും സമിതി ഗൗരവമായി കാണുന്നു.

സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ പാസ്സാക്കിയ '2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് പ്രകാരം സ്വരൂപിക്കുന്ന റിവർ മാനേജ്‌മെന്റ് ഫണ്ട് യഥാവിധം വിനിയോഗിക്കുകയാണെങ്കിൽ ഭാരതപ്പുഴ ഉൾപ്പെടെയുള്ള നദികളുടെ ശോച്യാവസ്ഥയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയും എന്ന് സമിതി വിലയിരുത്തുന്നു.

അതുപോലെതന്നെ പുഴസംരക്ഷണത്തിനായി ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു പദ്ധതിയും ഫലപ്രദമായി നടപ്പാക്കിയിട്ടില്ലെന്നും പുഴ നിലനിൽക്കേണ്ടിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിച്ചെങ്കിൽ മാത്രമേ പുഴയെ സംരക്ഷിക്കാനാകൂ എന്നും സമിതി മനസ്സിലാക്കുന്നു. അനധികൃത മണ്ണെടുപ്പും, പുഴ കയ്യേറ്റവും പുഴയിലേക്ക് ജലം എത്തിക്കുന്ന തോടുകളും കുളങ്ങളും നികത്തപ്പെട്ടതും പുഴ വറ്റിവരളുന്നതിന് കാരണമായതായി സമിതി നിരീക്ഷിക്കുന്നു. പുഴയ്ക്കു ചുറ്റുമുള്ള ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയാൽ മാത്രമെ പുഴയിലേക്കുള്ള നീരൊഴുക്ക് വർദ്ധിക്കുകയുള്ളുവെന്നതാണ് സമിതിയുടെ നിഗമനം.

ഭാരതപ്പുഴയിലെ ജലദൗർലഭ്യവും മണൽവാരലും മാലിന്യ നിക്ഷേപവുമെല്ലാം ജന ജീവിതത്തിന് മാത്രമല്ല, ജൈവ വ്യവസ്ഥകൾക്കുപോലും ആഘാതങ്ങൾ സൃഷ്ടിക്കുന്നു. കേരളത്തിലെ ഭക്ഷ്യ സുരക്ഷയുടെ നെട്ടെല്ലായി വർത്തിയ്ക്കുന്ന നദിയെന്ന നിലയിൽ മറ്റേതൊരു നദീസംരക്ഷണ പദ്ധതിക്കും പോലുള്ള പദ്ധതി ഭാരതപ്പുഴയുടെ സംരക്ഷണത്തിന് മതിയാകില്ല എന്ന് സമിതി വിലയിരുത്തുന്നു. കേരളത്തിൽ നെല്ലുല്പാദനത്തിലും പച്ചക്കറികൃഷി ഉൾപ്പെടെയുള്ള മറ്റ് കൃഷികളിലും മുന്നിട്ടുനിൽക്കുന്ന പാലക്കാട് ജില്ലയിൽ കാർഷിക മേഖല ജലത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് ഭാരതപ്പുഴയെയാണ്. അതിനാൽ തന്നെ പുഴയുടെ വരൾച്ച കൃഷിയെ മാത്രം ആശ്രയിച്ചുകഴിയുന്ന ജനജീവിതങ്ങളെ ദുരിതത്തിലാക്കുകയും അവിടങ്ങളിലെ സമ്പന്നമായ കാർഷിക സംസ്കാരത്തെ ഇല്ലാതാക്കുകയും ചെയ്യും. ഭാരതപ്പുഴയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് നിരവധി പത്രവാർത്തകളും ലേഖനങ്ങളും ഉണ്ടായിട്ടും പുഴസംരക്ഷണവുമായി ബന്ധപ്പെട്ട ചർച്ചകളോ മാതൃകാപരമായ നടപടികളോ ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും ഉണ്ടാകാത്തത് കുറ്റകരമായ അനാസ്ഥയായി സമിതി കണക്കാക്കുന്നു. മണലെടുപ്പ് നിയന്ത്രിക്കാൻ സർക്കാർ പല

നടപടികളും സ്വീകരിക്കുന്നുണ്ടെങ്കിലും മണൽ മാഫിയകളെ നിയന്ത്രിക്കാൻ കൃത്യമായ സംവിധാനങ്ങൾ ഇപ്പോഴുമില്ല. മാലിന്യ നിർമ്മാർജ്ജനം മാത്രമല്ല പുഴ സംരക്ഷണം കൊണ്ട് അർത്ഥമാക്കേണ്ടതെന്നും നദിയെ സംരക്ഷിക്കാൻ ഏറ്റവും നല്ലത് നദിയുടെ തീരത്ത് വളർത്തേണ്ട വൃക്ഷങ്ങൾ ഏതെല്ലാമാണെന്ന് തിരിച്ചറിയുകയും മഴക്കാലത്ത് നദിയിലേക്കെത്തുന്ന ജലം നദിക്കടിയിൽ സംഭരിക്കുന്നതിനും വേനൽക്കാലത്ത് ജലം നദിയിലേക്കെത്തുന്നതിനും കഴിയുന്നവിധത്തിൽ ശാസ്ത്രീയമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണെന്ന് സമിതി വിലയിരുത്തുന്നു. ഇരുകരയും ചേർന്ന് ഒഴുകിക്കൊണ്ടിരുന്ന ഭാരതപ്പുഴ വറ്റിവരണ്ട് മണൽപ്പരപ്പും പൊന്തക്കാടുകളും ആയി മാറാൻ ഇനി അധികനാൾ കാത്തിരിക്കേണ്ടിവരില്ല. മലിനീകരണവും മണലൂറ്റും അനിയന്ത്രിതമായി തുടരുന്ന കയ്യേറ്റവും നിയന്ത്രിച്ച് നിളയെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാത്തപക്ഷം, ഭാരതപ്പുഴയും അതിന്റെ സൗന്ദര്യവും വരുംതലമുറയ്ക്ക് കേട്ടുകേൾവിയായി മാറുമെന്നതിൽ സംശയമില്ല.

<u>അദ്ധ്യായം II</u>

## ശിപാർശകൾ

1. ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിനും നദിയെ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കുന്നതിനും ജനപ്രതിനിധികളെയും ഈ മേഖലയിലെ വിദഗ്ദ്ധരെയും ഉൾപ്പെടുത്തി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കി സോഷ്യൽ ഓഡിറ്റ് സുസാദ്ധ്യമാക്കത്തക്ക നിലയിൽ സവിശേഷ അധികാരത്തോടുകൂടിയ 'ഭാരതപ്പുഴ സംരക്ഷണ അതോറിറ്റി' രൂപീകരിക്കണമെന്നും നാഷണൽ റിവർ നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. ജലസംരക്ഷണം ലക്ഷ്യമിട്ട് നദികൾക്കുകുറുകെ തടയണകൾ നിർമ്മിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ജനങ്ങളുടെ കുടിവെള്ള ലഭ്യത തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം നദിയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. നിലവിൽ ഭാരതപ്പുഴയുടെ തീരത്ത് പ്രവർത്തിച്ചുവരുന്നതും പുഴമലിനീകരണത്തിന് ആക്കംകൂട്ടുന്നതുമായ ഏതെങ്കിലും സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയിൽ സമയബന്ധിതമായി മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കണമെന്നും നിയമം പാലിക്കാത്ത സ്ഥാപനങ്ങൾക്ക് 'സ്റ്റോപ്പ് മെമ്മോ' നൽകണമെന്നും അങ്ങനെയുള്ള സ്ഥാപനങ്ങൾ അടിയന്തരമായി അടച്ചുപൂട്ടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. ഖരമാലിന്യമുൾപ്പെടെയുള്ള നഗരമാലിന്യങ്ങളും ഡ്രെയിനേജിൽ നിന്നുമുള്ള മലിനജലവും ഭാരതപ്പുഴയിലേക്കെത്തുന്നത് തടയുവാൻ നദീതീരത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായസഹകരണത്തോടെ പ്രവർത്തിക്കുന്ന പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാകണമെന്നും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. ഭാരതപ്പുഴയിലും പോഷകനദികളിലും നിന്നുള്ള അനധികൃത മണൽ വാരൽ കർശനമായി തടയണമെന്നും മണൽ വാരൽ നിയന്ത്രണവിധേയമാക്കുന്നതിനായി ഭാരതപ്പുഴയിൽ നിന്നും ഒരു വർഷം എടുക്കാവുന്ന മണലിന്റെ അളവ് സംബന്ധിച്ച കണക്ക് തയ്യാറാക്കുന്നതിന് റവന്യൂ, ജലവിഭവ വകുപ്പുകൾ സംയുക്തമായി വിശദമായ 'സാന്റ് ഓഡിറ്റ്' നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. മണൽമാഫിയകളിൽ നിന്നും പിടിച്ചെടുക്കുന്ന വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് പലപ്പോഴും മാലിന്യങ്ങൾ അവിടെ നിക്ഷേപിക്കുന്നതിന് സൗകര്യമൊരുക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പിടിച്ചെടുത്ത വാഹനങ്ങൾ പ്രകൃതിക്ക് ദോഷം വരാത്തവിധം സൂക്ഷിക്കുന്നതിനോ ലേലം ചെയ്തു കൊടുക്കുന്നതിനോ ഉള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. പൊതു നിരത്തുകളിലും പുഴയുടെ തീരത്തും മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവരിൽ നിന്നും പിഴ മാത്രം ഈടാക്കുന്നതിനു പകരം ആവശ്യമെങ്കിൽ കേസെടുക്കുന്നതിനും ശിക്ഷാ വിധിയുണ്ടാകുന്നതിനും ആവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ആവശ്യമായ ശുദ്ധീകരണം നടത്താതെയാണ് ഭാരതപ്പുഴയിൽ നിന്നും കുടിവെള്ളം കൊടുക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജലം ശരിയായ രീതിയിൽ ശുദ്ധീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. പുഴകളിലും കുളങ്ങളിലും മറ്റും പ്ലാസ്റ്റിക് കുപ്പികൾ എറിഞ്ഞാൽപ്പോലും കേസ് എടുക്കാവുന്ന തരത്തിൽ സുപ്രീം കോടതിവിധി നിലനിൽക്കേ, ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നത് വളരെ ഗൗരവതരമായ കുറ്റകൃത്യമായി കണക്കാക്കി അത്തരം സാമൂഹ്യദ്രോഹ പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും മാലിന്യ സംസ്കരണത്തിന് സംവിധാനം ഏർപ്പെടുത്താത്ത ഹോട്ടലുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് കർശന നടപടി സ്വീകരിക്കണമെന്നും ആയതിന് ആവശ്യമായ ഉദ്യോഗസ്ഥ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. നദീതീരത്ത് റോഡ് സൗകര്യമുള്ളയിടങ്ങളിൽ ക്യാമറകൾ സ്ഥാപിക്കുന്നതിനും മാലിന്യം പുഴയിലും അനുബന്ധ സ്ഥലങ്ങളിലും നിക്ഷേപിക്കുന്നതു തടയുവാൻ നിരന്തര പട്രോളിംഗ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും പുഴയിലെ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പാരിസ്ഥിതികാവബോധം നൽകുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗപ്പെടുത്തി പുഴ സംരക്ഷണത്തിനായി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ അവ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദികളിലൊന്നായ ഭാരതപ്പുഴ വർഷത്തിൽ മൂന്നോ നാലോ മാസങ്ങളിൽ മാത്രമേ അതിന്റെ പൂർണ്ണരൂപത്തിൽ കാണപ്പെടുന്നുള്ളൂ എന്നതിനുള്ള കാരണം വസ്തുനിഷ്ഠമായും, ശാസ്ത്രീയമായും പഠിക്കണമെന്നും എല്ലാക്കാലവും പുഴ ഒഴുകത്തക്കവിധം ശാസ്ത്രീയമായ പ്രോജക്ട് തയ്യാറാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

13. ഭാരതപ്പുഴയുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന വിധത്തിൽ പുഴ കയ്യേറ്റം, പുഴയ്ക്ക് ജലം നൽകുന്ന കാവുകളുടെയും കുളങ്ങളുടെയും നാശം എന്നിവ സംബന്ധിച്ച് പഠനം നടത്തണമെന്നും നദിക്ക് അവകാശപ്പെട്ട ഭൂമി സംരക്ഷിക്കുക എന്ന പ്രഥമ ലക്ഷ്യത്തോടെ ജലവിഭവ വകുപ്പിനെയും മറ്റ് വകുപ്പുകളെയും ഏകോപിപ്പിച്ച് ആവശ്യമായ നടപടികൾ റവന്യൂ വകുപ്പ് സ്വീകരിക്കണമെന്നും ഭാരതപ്പുഴയുടെയും പോഷക നദികളുടെയും തീരങ്ങളിലുള്ള അനധികൃത കയ്യേറ്റങ്ങൾ അടിയന്തരമായി ഒഴിപ്പിച്ച് ഭൂമി ഡീമാർക്കേറ്റ് ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. പുഴയിൽനിന്നും സ്വകാര്യവ്യക്തികളും കോള-കുടിവെള്ള-മദ്യവ്യവസായ കമ്പനികളും നടത്തുന്ന ഭൂഗർഭ ജലചൂഷണം തടയുന്നതിനും വ്യവസായശാലകൾ പുഴയിൽ നിന്നെടുക്കുന്ന ജലം മാലിന്യം നീക്കം ചെയ്ത് പുനരുപയോഗിക്കുന്നതിനുമുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പല ഉറവിടങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഭാരതപ്പുഴയിൽ നിക്ഷേപിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതു പരിഹരിക്കുന്നതിനായി കോമൺ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം പ്രാവർത്തികമാക്കണമെന്നും മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ തദ്ദേശസ്വയം ഭരണ വകുപ്പ് മുൻകയ്യെടുത്ത് എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. നദീജലം സംരക്ഷിച്ച നിർത്തുന്നതിന്റെ ഭാഗമായി നദീതീരത്ത് വളർത്തേണ്ട വൃക്ഷങ്ങൾ ഏതെല്ലാമാണെന്ന് തിരിച്ചറിയുകയും മഴക്കാലത്ത് നദിയിലേക്കെത്തുന്ന ജലം നദിയുടെ അടിത്തട്ടിൽ താഴ്ത്തുന്നതിനും അതുവഴി ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും ആവശ്യമായ ശാസ്ത്രീയമായ പഠനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. നദീതീരത്തുള്ള കുന്നിൻചരിവുകളിൽ മൺതിട്ടകെട്ടിയും കരിങ്കല്ല് കെട്ടിയും ചെറിയതടയുണ്ടാക്കി മഴവെള്ളം ഭൂമിയ്ക്കടിയിലേക്ക് താഴ്ത്തിയാൽ ഭാരതപ്പുഴയിലെ ജലവിതാനം ഒരു പരിധി വരെയെങ്കിലും നിലനിർത്താൻ കഴിയുമെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ നദീതടത്തിലുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏറ്റെടുത്ത് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ഭാരതപ്പുഴയുടെ തീരത്തോട് ചേർന്ന് വീടുകൾ ഒഴികെയുള്ള പുതിയ കെട്ടിടങ്ങളും റോഡുകളും പണിയാതിരിക്കുന്നതും നദീതടപ്രദേശങ്ങളിൽ വൃഷ്ടികാലത്ത് പതിക്കുന്ന വെള്ളം ചാലുകൾ കീറിയും ഓടകളിലൂടെയും മറ്റും ചെറുജലാശയങ്ങളിലും കുളങ്ങളിലും എത്തിക്കുന്നതും പുഴയിലെ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ സഹായിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ നടപടി സ്വീകരിക്കണമെന്നും അതിനായി ആവശ്യമെങ്കിൽ നിയമനിർമ്മാണങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. ഭാരതപ്പുഴയുടെ നദീതടങ്ങളിൽ സ്ഥിതി ചെയ്യുന്നതും ഭാവിയിൽ പണികഴിപ്പിക്കുവാൻ സാദ്ധ്യതയുള്ളതുമായ ഫ്ലാറ്റ് സമുച്ചയങ്ങളിൽനിന്നുള്ള മനുഷ്യവിസർജ്ജ്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാവിധ മാലിന്യങ്ങളും യാതൊരു കാരണവശാലും ഭാരതപ്പുഴയിലും അതിന്റെ തീരത്തും നിക്ഷേപിക്കപ്പെടാതിരിക്കുന്നതിനും സ്വമേധയാ എത്തപ്പെടാതിരിക്കുന്നതിനും അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട മറ്റ് വകുപ്പുകളും ഏകോപനത്തോടെ നിതാന്ത ജാഗ്രത പുലർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

1268/2017.

## അനുബന്ധം I (a)

## 19-1-2017-ലെ യോഗനടപടിക്കുറിപ്പ്

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019), 2017 ജനുവരി മാസം 19-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മണിക്ക് പാലക്കാട് ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

ശ്രീ. കെ. ബാബു,എം.എൽ.എ.

ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. എം. സി. റെജിൽ, ഡെപ്യൂട്ടി കളക്ടർ, ലാന്റ് റവന്യൂ, പാലക്കാട്
2. ശ്രീ. വിജയൻ. എസ്., അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്,പാലക്കാട്
3. ശ്രീമതി വി. പി. സുലഭകുമാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്
4. ശ്രീ. എൻ. സുബ്രഹ്മണ്യ വാര്യർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
5. ശ്രീ. ബിജു. ബി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, പാലക്കാട്
6. ശ്രീമതി. സി. വി. ജയശ്രീ, ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കോഴിക്കോട്
7. ശ്രീ. ടി. ആർ. റാംമോഹൻറോയ്, റീജിയണൽ ജോയിന്റ് ഡയറക്ടർ (ഇൻ-ചാർജ്) നഗരകാര്യ വകുപ്പ്
8. ശ്രീ. കെ. എൽ. രാധാകൃഷ്ണൻ, ഡിവൈ.എസ്.പി., പാലക്കാട്
9. ശ്രീ. തോമസ് സ്കറിയ, ജില്ലാ ഓഫീസർ, ഗ്രൗണ്ട് വാട്ടർ വകുപ്പ്
10. ശ്രീ. കെ. കെ. സജീവൻ, ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി വകുപ്പ്, പാലക്കാട്

11. ഡോ. റീത്ത. കെ. പി, ജില്ലാ മെഡിക്കൽ ഓഫീസർ,പാലക്കാട്

12. ശ്രീ. പി. പി. എബ്രഹാം, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചമ്രവട്ടം പ്രോജക്ട്

13. ശ്രീ. കെ. എസ്. പ്രദീപ് കുമാർ, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്

14. ശ്രീ. നന്ദൻ. റ്റി. ആർ., എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, പാലക്കാട്.

യോഗത്തിൽ നിരവധി പൊതുജനങ്ങൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, പരാതിക്കാർ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

സമിതി ഭാരതപ്പുഴയുടെ മലിനീകരണവുമായി ബന്ധപ്പെട്ട് വകുപ്പുദ്യോഗസ്ഥരിൽ നിന്നും പരിസ്ഥിതി പ്രവർത്തകരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും 'പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസിന് ' സമീപമുള്ള പ്രദേശങ്ങൾ, ഒറ്റപ്പാലം (ഷൊർണ്ണൂർ പാലത്തിനു താഴെ ഭാഗത്തുള്ള ശാന്തിതീരം), പട്ടാമ്പി ടൗൺ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും ചെയ്തു.

കേരളത്തിലെ പ്രധാനപ്പെട്ട നദിയായ ഭാരതപ്പുഴ നിലവിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും സംബന്ധിച്ച് സമിതി മുമ്പാകെ ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഭാരതപ്പുഴ നശിക്കുമ്പോൾ കൃഷിയും കുടിവെള്ളവും മാത്രമല്ല, ഭാരതപ്പുഴയുടെ തീരങ്ങളിൽ വളർന്നുവന്ന സംസ്കാരവും നഷ്ടപ്പെടുന്നുവെന്നും പുഴയുടെ ഇന്നത്തെ ദയനീയ സ്ഥിതി സംബന്ധിച്ച് വേണ്ടത്ര ആഴത്തിൽ പഠനം നടത്തി നിയമസഭയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുക എന്നതാണ് തെളിവെടുപ്പുയോഗവും തുടർന്നുള്ള സന്ദർശനവും കൊണ്ട് ഉദ്ദേശിക്കുന്നതെന്നും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ലഭ്യമാക്കുവാനുള്ള വേദിയായാണ് യോഗത്തെ കാണുന്നതെന്നും സമിതി ചെയർമാൻ ആമുഖമായി വ്യക്തമാക്കി. തുടർന്ന് യോഗത്തിൽ ഹാജരായ പരിസ്ഥിതി പ്രവർത്തകരിൽ നിന്നും ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് സമിതി ആരാഞ്ഞു.

മധ്യകേരളത്തിലെ 175 പഞ്ചായത്തുകളിലെയും 8 മുനിസിപ്പാലിറ്റികളിലെയും ബഹുഭൂരിപക്ഷം ജനങ്ങൾക്കാവശ്യമായ കുടിവെള്ളവും കൃഷിക്കുള്ള വെള്ളവും ലഭിക്കുന്ന ഭാരതപ്പുഴയെ നാഷണൽ റിവർ നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ശിപാർശ ചെയ്യേണ്ടതാണെന്നും ഭാരതപ്പുഴയ്ക്കായി ഒരു റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കണമെന്നും 1972-ൽ ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച വിദഗ്ധ സമിതി ഗവൺമെന്റിനു സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്നും ഭാരതപ്പുഴ സംരക്ഷണ സമിതി സെക്രട്ടറി സമിതിയോട് അഭ്യർത്ഥിച്ചു

ഭാരതപ്പുഴയിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ, പുൽക്കാടുകൾ, കയ്യേറ്റങ്ങൾ എന്നിവ നീക്കം ചെയ്ത് പുഴ ഒഴുകുന്ന വിധത്തിലാക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കണമെന്നും തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പുഴയെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യമുയർന്നു. തടയണകൾക്കു പകരം ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതുമൂലം പുഴയുടെ സ്വാഭാവിക ഒഴുക്ക് നഷ്ടപ്പെടുന്നുവെന്ന് ചൂണ്ടിക്കാട്ടിയ ഭാരതപ്പുഴ സംരക്ഷണ സമിതി സെക്രട്ടറി, ഭാരതപ്പുഴയിലെ വെള്ളം കുടിവെള്ള പദ്ധതികൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശം പിൻവലിച്ച് കൃഷി ആവശ്യത്തിനുകൂടി ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പുതുശ്ശേരി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോള-കുപ്പിവെള്ള-മദ്യ ഉല്പാദക കമ്പനികൾ യാതൊരു നിയന്ത്രണവുമില്ലാതെ നടത്തുന്ന ഭൂഗർഭ ജലചൂഷണം തടയുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതിയോട് അഭ്യർത്ഥിച്ചു

പുതുശ്ശേരി പഞ്ചായത്തിലെ ജനവാസകേന്ദ്രത്തിൽ 1995 മുതൽ പ്രവർത്തിച്ചുവരുന്ന പാരഗൺ സ്റ്റീൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്നുള്ള വിഷപ്പുക ശ്വസിച്ച് പരിസരവാസികളായ നിരവധി ആളുകൾ കാൻസർ രോഗബാധിതരായെന്നും ഭാരതപ്പുഴയുടെ കൈവഴിയായ കോരയാർപ്പുഴയിലേക്കാണ് ഈ കമ്പനിയിൽ നിന്നും കുളസ് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ ഒഴുക്കിവിടുന്നതെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇതിനെതിരെ നടപടി സ്വീകരിക്കുന്നില്ലെന്നും ആയതിനാൽ കമ്പനി അടച്ചുപൂട്ടുന്നതിനോ അല്ലെങ്കിൽ വ്യവസായ മേഖലയിൽ മാറ്റി സ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കണമെന്നും യോഗത്തിൽ ആവശ്യം ഉന്നയിക്കപ്പെട്ടു.

ഭാരതപ്പുഴയിലെ ജലം പരിശോധിച്ചതിൽ കോളിഫോം ബാക്ടീരിയ, ഇകോളി ബാക്ടീരിയ എന്നിവയുടെ അമിത സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ടെന്നും കൂടാതെ 'അഴിമതി രഹിത വാളയാർ' പദ്ധതിയുടെ ഭാഗമായി വാളയാർ ചെക്ക്പോസ്റ്റ് വികസനത്തിനായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന കൃഷിഭൂമിയും അതിൽ ഉൾപ്പെടുന്ന മഹാരാജ കുളവും ഏറ്റെടുക്കുന്ന നടപടി ഒഴിവാക്കണമെന്നും വാളയാർ പുഴയിൽ നിന്നുള്ള അനധികൃത മണൽവാരൽ നിർത്തലാക്കണമെന്നും ആവശ്യം ഉന്നയിക്കപ്പെട്ടു. കോരയാർപ്പുഴയുടെ മലിനീകരണവും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഭാരതപ്പുഴയുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന വിധത്തിൽ പുഴയുടെ കയ്യേറ്റം, കാവുകളുടെയും കുളങ്ങളുടെയും കയ്യേറ്റം എന്നിവ സംബന്ധിച്ച് റവന്യൂ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിനനുസരിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്, ഇറിഗേഷൻ, റവന്യൂ, സോഷ്യൽ ഫോറസ്ട്രി എന്നീ വകുപ്പുകൾ സംയോജിച്ച് കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കണമെന്നും കൂടുതൽ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെന്ന് പാലക്കാട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മറുപടി പറഞ്ഞു.

ഭാരതപ്പുഴയിൽ എത്രമാത്രം കയ്യേറ്റങ്ങൾ ഉണ്ടെന്നുള്ള അസസ്മെന്റ് നടത്തിയിട്ടുണ്ടോയെന്നും ഒഴിപ്പിച്ച കയ്യേറ്റങ്ങൾ സംബന്ധിച്ച എന്തെങ്കിലും കണക്ക് കൈവശമുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് അങ്ങനെ ഒരു കണക്കെടുക്കുകയോ അസസ്മെന്റ് നടത്തുകയോ ചെയ്തിട്ടില്ലെന്നും 2007-ലും 2013-ലുമായി കല്പാത്തിപ്പുഴയുടെയും കണ്ണാടിപ്പുഴയുടെയും ഇരുവശത്തുമായി 4 കി.മീ. ദൂരത്തോളമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഡീമാർക്കേറ്റ് ചെയ്തിരുന്നുവെന്നും റവന്യൂ വകുപ്പിൽ സർവ്വേയർമാരുടെ അപര്യാപ്തതമൂലം അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി ഡീമാർക്കേറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടെന്നും സർവ്വേയർമാരുടെ ഒരു ടീം രൂപീകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് ഭൂമി ഡീമാർക്കേറ്റ് ചെയ്താൽ മാത്രമേ നടപടി ഫലവത്താകുകയുള്ളൂവെന്നും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മറുപടി നൽകി.

ഭാരതപ്പുഴയെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകേണ്ട വകുപ്പുകളായ റവന്യൂ, ഇറിഗേഷൻ എന്നിവ അത് സംബന്ധിച്ച് കൃത്യമായ പഠനം നടത്തിയിട്ടില്ല എന്ന് നിരീക്ഷിച്ച സമിതി, പുഴയിൽ നിന്നും ഒരു വർഷം എടുക്കാവുന്ന മണൽ എത്രയെന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്ന് ആരാഞ്ഞതിന് മൈത്രി എന്ന പ്രൈവറ്റ് ഏജൻസി മുഖേന ഭാരതപ്പുഴയിൽ സാന്റ് ഓഡിറ്റ് നടത്തി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത റിപ്പോർട്ട് ശരിയല്ലെന്ന് കണ്ട് മറ്റൊരു സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മറുപടി പറഞ്ഞു.

പുഴയിൽനിന്നും അനധികൃതമായി മണ്ണെടുത്തതിനെത്തുടർന്ന് പിടിച്ചെടുത്ത വാഹനങ്ങൾ അവിടെ കൂട്ടിയിട്ടിരിക്കുന്നതും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമായ പരാതികൾ സമിതിക്ക് ലഭിച്ചിട്ടുണ്ടെന്നും പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലേ എന്നും സമിതി ആരാഞ്ഞതിന്, മണൽ കടത്തുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സ്ഥലപരിമിതിമൂലം ഡംപിംഗ് യാർഡിൽ സൂക്ഷിക്കാൻ സാധിച്ചിരുന്നില്ലായെന്നും പട്ടാമ്പിയിലെ കലുക്കല്ലൂർ വില്ലേജിൽ ഏകദേശം 100 ഏക്കറോളം വരുന്ന സ്ഥലം ഇതിനായി ഉപയോഗിക്കാമെന്ന് തീരുമാനമെടുത്തിരുന്നെന്നും മുമ്പ് കൃഷിയാവശ്യത്തിന് പതിച്ചു നൽകിയിരുന്ന പ്രസ്തുത ഭൂമിയുടെ പടിഞ്ഞാറ് ഭാഗത്തുകൂടി ഒഴുകുന്ന കുന്തിപ്പുഴ മഴക്കാലത്ത് കരകവിഞ്ഞൊഴുകി കൃഷി നശിക്കുമെന്നതിനാൽ അവിടെ കൃഷി ചെയ്തിരുന്നില്ലെന്നും എ.ഡി.എം. മറുപടി നല്കി. കൂടാതെ, പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അത് കാര്യക്ഷമമായി മുന്നോട്ട് പോകുന്നുണ്ടെന്നും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഭാരതപ്പുഴയിൽ മുൻ കാലങ്ങളിൽ എത്രമാത്രം ഒഴുക്കുണ്ടായിരുന്നു, ഇപ്പോൾ എത്രമാത്രം ഒഴുക്കുണ്ട് എന്നീ കാര്യങ്ങൾ സംബന്ധിച്ച് ഇറിഗേഷൻ വകുപ്പിന്റെ കയ്യിൽ എന്തെങ്കിലും കണക്കുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഐ.ഡി.ആർ.ബി.യിൽ കേരളത്തിലെ എല്ലാ നദികളെയും കുളങ്ങളെയും സംബന്ധിച്ച ഡാറ്റാ സൂക്ഷിച്ചിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മൈനർ ഇറിഗേഷൻസ്), പാലക്കാട് മറുപടി നൽകി.

നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പും ശേഷവുമുള്ള കുളങ്ങളുടെ എണ്ണം എത്രയാണെന്നും നിയമം നിലവിൽ വന്നതിനുശേഷം കുളങ്ങൾ ഇല്ലാതായിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട കേസുകൾ നിലവിലുണ്ടോയെന്നും നെൽവയൽ നികത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ള സമിതിയുടെ ചോദ്യത്തിന്. പഞ്ചായത്തിനു കീഴിൽ 926 കുളങ്ങളുണ്ടെന്നും അതെല്ലാം റീസൈക്കിൾ ചെയ്ത് വൃത്തിയാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറും നെൽവയൽ നികത്തിയതിനെതിരെ 100-ന് മുകളിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ 55-ഓളം കേസുകളിൽ ഭൂമി തിരിച്ചുപിടിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടെന്നും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റും മറുപടി നൽകി. ഭൂമിയിലെ വാട്ടർടേബിൾ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ച് മഴക്കാലങ്ങളിൽ ഡാമുകളിൽ അധികമായി ലഭിക്കുന്ന ജലം കനാലുകൾ വഴി സമീപകുളങ്ങളിലെത്തിച്ചാൽ ഭൂഗർഭ ജലത്തിന്റെ അളവ് ഉയർത്താൻ സാധിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അഭിപ്രായപ്പെട്ടു.

പുഴ ഒഴുകുന്നതിനാവശ്യമായ ക്രമീകരണം നടത്തി ശാസ്ത്രീയമായി പ്രോജക്ട് തയ്യാറാക്കിയാലേ ഭാരതപ്പുഴയെ സംരക്ഷിക്കാനാകൂയെന്നും അത്തരത്തിലുള്ള പ്രോജക്ട് എങ്ങനെ തയ്യാറാക്കാമെന്നതു സംബന്ധിച്ച് വകുപ്പുകളെല്ലാം ഗൗരവമായി ആലോചിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു. ഇറിഗേഷൻ വകുപ്പ് പറഞ്ഞ നിർദ്ദേശത്തോട് പരിസ്ഥിതി വകുപ്പിന്റെ പ്രതികരണം സമിതി ആരാഞ്ഞു. ഭാരതപ്പുഴയെ സംബന്ധിച്ചുള്ള പത്രവാർത്തയെത്തുടർന്ന് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ സ്വമേധയാ കേസ് എടുക്കുകയും തുടർന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ആഭിമുഖ്യത്തിൽ അഞ്ച് ഏജൻസികളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ടു ഘട്ടങ്ങളിലായി പ്രിലിമിനറി സ്റ്റഡി നടത്തുകയും രണ്ടു ജില്ലകളിലായി ഭാരതപ്പുഴയുടെ 19 പോയിന്റുകളിൽനിന്നും വെള്ളമെടുത്ത് പരിശോധിച്ചതിൽ പലതിലും രൂക്ഷമായ മലിനീകരണമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും പട്ടാമ്പിയിലെ വെള്ളത്തിൽ സ്വീവേജിന്റെ അളവ് വളരെ കൂടുതലാണെന്നും ഇവ പരിഹരിക്കുന്നതിന്റെ ഭാഗമായി വികേന്ദ്രീകൃതമായ മാതൃകയിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുകൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായെന്നും ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും വലിയ തോതിൽ മലിനജലം ഭാരതപ്പുഴയിലേക്ക് ഒഴുക്കിവിടുന്നതായി കണ്ടതിനെത്തുടർന്ന് മലിനജലം ട്രീറ്റ് ചെയ്ത് പുഴയിലേക്ക് ഒഴുക്കിവിടണമെന്ന് റെയിൽവേ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി നൽകി.

ഹോട്ടലുകളിൽനിന്നും മറ്റും പുഴകളിലേക്ക് മലിനജലവും മാലിന്യങ്ങളും ഒഴുക്കിവിടുന്നതിന്മേൽ കേസ് എടുക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് അധികാരമുള്ളപ്പോൾ അതിനുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന്, വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള ജലമലിനീകരണം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കീഴിൽ വരുന്നതാണെന്നും ബാക്കി പൊതുവായി വരുന്ന ഖര-ജല മാലിന്യങ്ങളുടെ സംസ്കരണം പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും ചുമതലയിലാണെന്നും എറണാകുളത്ത് ഖര-ജല മാലിന്യ സംസ്കരണത്തിനായി വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി പൂർത്തിയായി വരുന്നുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു.

മാലിന്യ സംസ്കരണത്തിന് സംവിധാനം ഏർപ്പെടുത്താത്ത ഹോട്ടലുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചാൽ ഹോട്ടലുകൾ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചുതുടങ്ങുമെന്നും ഇത്തരത്തിൽ സംവിധാനമുള്ളപ്പോൾ ജലമലിനീകരണം നടത്തുന്നവർക്കെതിരെ കേസെടുക്കാൻ ബഹു. സുപ്രീം കോടതി പലതവണ നിർദ്ദേശിച്ചിട്ടും കേസെടുക്കാത്തതെന്തുകൊണ്ടാണെന്നും ഭാരതപ്പുഴയിൽ നിറഞ്ഞിരിക്കുന്ന മാലിന്യങ്ങൾ എടുത്തുമാറ്റാൻ സാധിക്കുമോയെന്നും സമിതി ആരാഞ്ഞതിന് ഒരു ജില്ലയിലെ മുഴുവൻ വിഷയങ്ങളും പരിശോധിക്കാനായി ഒരു ചെറിയ ഉദ്യോഗസ്ഥസംവിധാനം മാത്രമേയുള്ളുവെന്നും അതിനാൽ ഇക്കാര്യങ്ങളെല്ലാം ചെയ്യാൻ ബുദ്ധിമുട്ടുന്നുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു.

പുഴയുടെ ഓരത്ത് സ്ഥിരമായി മാലിന്യം കൊണ്ടിടുന്നതു തടയാൻ പട്രോളിംഗ് ഏർപ്പെടുത്തുന്നതരത്തിലുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പോലീസിനു നൽകിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന്, ഇത്തരം പ്രശ്നങ്ങളിൽ അതത് മുനിസിപ്പാലിറ്റികളാണ് നടപടി സ്വീകരിക്കേണ്ടതെന്നും ആവശ്യപ്പെടുന്നപക്ഷം മുനിസിപ്പാലിറ്റികൾക്ക് പോലീസ് പ്രൊട്ടക്ഷൻ നൽകുന്നതുമാണെന്ന് ഡിവൈ.എസ്.പി. (ഭരണം) മറുപടി പറഞ്ഞു. പൊതു നിരത്തുകളിൽ മാലിന്യങ്ങളും മറ്റും അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ കേസെടുത്ത് 25,000 രൂപ വരെ ഫൈൻ ഈടാക്കാൻ പോലീസിന് അധികാരം നൽകിക്കൊണ്ട് ഡി.ജി.പി. സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പൊതു നിരത്തുകളിലും പുഴയുടെ തീരങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ഇനിയെങ്കിലും കേസുകൾ എടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വേണ്ടത്ര ശുദ്ധീകരണം നടത്താതെയാണ് ഭാരതപ്പുഴയിൽനിന്നും നിരവധി പഞ്ചായത്തുകൾക്ക് കുടിവെള്ളം കൊടുക്കുന്നത് എന്ന് സമിതി അഭിപ്രായപ്പെട്ടു. പൊതുജനങ്ങളുടെ പരാതിയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ജലമലിനീകരണം നടത്തുന്ന കമ്പനികൾക്ക് നോട്ടീസ് നൽകുന്നുണ്ടെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ വിശദമാക്കി.

ഭാരതപ്പുഴയിലെ കയ്യേറ്റങ്ങളെക്കുറിച്ചോ കോരയാർപുഴ മുതൽ വെള്ളിയാങ്കൽ വരെയുള്ള പുഴയോരത്തെ കയ്യേറ്റങ്ങളെക്കുറിച്ചോ പുഴയിലെ മലിനീകരണം നിയന്ത്രിക്കുന്ന കാര്യങ്ങളെക്കുറിച്ചോ ബന്ധപ്പെട്ട വകുപ്പുകൾക്ക് വ്യക്തമായ ധാരണയില്ലെന്നും നിയമസഭാ സമിതിയുടെ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം പറയാൻ ഉദ്യോഗസ്ഥർ തയ്യാറായി വരേണ്ടതായിരുന്നു എന്നും സമിതി അഭിപ്രായപ്പെട്ടു.

പെപ്സി, യു.ബി. ഗ്രൂപ്പ് തുടങ്ങിയ കോളക്കമ്പനികൾ പ്രതിദിനം നടത്തുന്ന ഭൂഗർഭ ജലചൂഷണത്തിനെക്കുറിച്ച് പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞതിന്മേൽ, പ്രസ്തുത സ്ഥാപനങ്ങൾക്ക് ഭൂഗർഭജലം എടുക്കുന്നതിനുള്ള അനുമതി നൽകുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡല്ലെന്നും സീറോ ഡിസ്ചാർജ് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥ പൊല്യൂഷൻ കൺട്രോൾ ബോർഡ് വെച്ചതിൻപ്രകാരം കമ്പനികൾ അത് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നാണ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ വിശദമാക്കി.

കുടിവെള്ളത്തിന്റെ ലഭ്യത കുറഞ്ഞുവരുന്ന ഘട്ടത്തിൽ വ്യവസായ സ്ഥാപനങ്ങൾ ദിനംപ്രതി ലക്ഷക്കണക്കിന് ലിറ്റർ ഭൂഗർഭജലം ചൂഷണം ചെയ്യുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഗ്രൗണ്ട് വാട്ടർ വകുപ്പാണ് ഇക്കാര്യത്തിൽ പഠനം നടത്തേണ്ടതെന്നും ചിറ്റൂർ മേഖലയിൽ മാത്രം ഭൂഗർഭജലത്തിന്റെ അളവ് 11 മീറ്ററോളം താഴ്ന്നുപോയിട്ടുണ്ടെന്നും അവിടങ്ങളിൽ കുഴൽക്കിണർ കുഴിക്കുന്നതിന് നിയന്ത്രണം ഉണ്ടെന്നും മറ്റുള്ള സ്ഥലങ്ങളിൽ പൊതുജലവിതരണ സ്രോതസ്സിൽ നിന്നും 30 മീറ്ററിനുള്ളിൽ കുഴൽക്കിണർ സ്ഥാപിക്കുന്നതിന് പെർമിഷൻ വാങ്ങേണ്ടതുണ്ട് എന്നുമാണ് ഗ്രൗണ്ട് വാട്ടർ വകുപ്പ് അധികൃതരുമായുള്ള ചർച്ചയിൽ അറിയാൻ കഴിഞ്ഞതെന്നും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് മറുപടി പറഞ്ഞു. ഗ്രൗണ്ട് വാട്ടർ വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ ഹാജരാകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. അതിൻപ്രകാരം അൽപ്പസമയത്തിനകം ഭൂഗർഭജല വകുപ്പ് ജില്ലാ ഓഫീസർ യോഗത്തിൽ ഹാജരായി. അറിയിപ്പ് ലഭിക്കാതിരുന്നതുമൂലമാണ് യോഗത്തിൽ ഹാജരാകാതിരുന്നത് എന്ന് ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

പാലക്കാട് ജില്ല അതികഠിനമായ വരൾച്ച നേരിടുന്നതിനു കാരണം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും ജില്ലയിലെ നെൽപ്പാടങ്ങളെല്ലാം അനധികൃത ഇഷ്ടിക കളങ്ങളായി മാറിക്കൊണ്ടിരിക്കുകയാണെന്നും ഗാർഹിക/കാർഷിക വൈദ്യുതി കണക്ഷനെടുത്ത് പ്രവർത്തിച്ചുവരുന്ന ഇത്തരം ഇഷ്ടിക ചൂളകൾ കുഴൽക്കിണറുകൾ സ്ഥാപിച്ച് ജലചൂഷണം നടത്തുകയാണെന്നും യോഗത്തിൽ പങ്കെടുത്ത മാധ്യമപ്രവർത്തകൻ യോഗത്തിൽ വിശദീകരിച്ചു

കഞ്ചിക്കോട് മേഖലയിലെ ജനങ്ങൾക്ക് വ്യാപകമായി കാൻസർ രോഗം വരുന്നുണ്ടെന്ന പരാമർശത്തിൽ ആരോഗ്യ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഇൻഡസ്ട്രിയൽ ഏരിയയിൽ സ്പെഷ്യാലിറ്റി ഹെൽത്ത് ക്യാമ്പ് നടത്താറുണ്ടെന്നും 'പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസ് ' ആരോഗ്യ വകുപ്പിന്റെ എൻ.ഒ.സി. വാങ്ങാതെയാണ് പ്രവർത്തിക്കുന്നതെന്നും പാലക്കാട്-ജില്ലാ മെഡിക്കൽ ഓഫീസർ മറുപടി നൽകി.

പുഴയിലേക്ക് മാലിന്യങ്ങൾ ഒഴുക്കുന്ന കമ്പനികൾക്ക് സ്റ്റോപ് മെമ്മോ കൊടുത്തിട്ടും പ്രവർത്തനം അവസാനിപ്പിക്കാത്തതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആരോഗ്യ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ കമ്പനി ആരംഭിക്കുന്നതിന് പഞ്ചായത്ത് എങ്ങനെയാണ് അനുമതി നൽകിയതെന്നും സമിതി ചോദിച്ചപ്പോൾ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്തിന്റെ മുൻകൂർ അനുമതി ആവശ്യമില്ലെന്നും എന്നാൽ 'പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസ്' ജനവാസമേഖലയിലാണ് പ്രവർത്തിക്കുന്നത് എന്നുള്ളതിന്റെ തെളിവ് നിവേദനത്തോടൊപ്പം ഹാജരാക്കിയിട്ടുണ്ടെന്നും പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മറുപടി നൽകി.

കോരയാർ പുഴയിലേക്ക് മാലിന്യങ്ങൾ ഒഴുക്കിവിടുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കാത്തതും വ്യവസായ സ്ഥാപനങ്ങൾ മലിനജലം ഒഴുക്കി വിടുന്നതുംമൂലം പുഴയിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതായും തീരവാസികൾക്ക് ത്വക്ക് രോഗങ്ങൾ പിടിപെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ, കോരയാർ പുഴയിലേക്ക് മാലിന്യം ഒഴുക്കിവിടുന്നതിന് ഒരു വ്യവസായ സ്ഥാപനത്തിനും പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുമതി നൽകിയിട്ടില്ലെന്നും പുഴയുടെ തീരത്ത് പ്രവർത്തിക്കുന്ന രണ്ട് വ്യവസായ സ്ഥാപനങ്ങൾ സീറോ ഡിസ്ചാർജ് അറ്റെയ്ൻ ചെയ്തിട്ടുണ്ടെന്നും ഡിസ്ചാർജ് പുറത്തേക്ക് വരാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും നവംബർ 1 മുതൽ സർവയലൻസ് യൂണിറ്റ് സ്ഥാപിച്ച് ട്രീറ്റ് ചെയ്തതിനുശേഷം പുറത്തേക്ക് വിടുന്ന എഫ്ലുവന്റുകൾ കൃത്യമായി മോണിറ്റർ ചെയ്തു വരികയാണെന്നും പരിശോധനയിൽ പ്രസ്തുത കമ്പനികൾ മാലിന്യം പുഴയിലേക്ക് ഒഴുക്കി വിടുന്നതായി കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും പുഴയിലെ വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചപ്പോൾ മാലിന്യത്തിന്റെ അംശമുള്ളതായി കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

പാലക്കാട് ജില്ലയിൽ കുഴൽക്കിണൽ കുഴിക്കുന്നതിന് ചില നിബന്ധനകൾ വച്ചിട്ടുണ്ടെങ്കിലും ചില കമ്പനികൾ ഭൂഗർഭജലം ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, 2004-നു ശേഷം നിലവിൽവന്ന കമ്പനികൾക്കാണ് ഭൂഗർഭജലം ഉപയോഗിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ അനുമതി ആവശ്യമായിട്ടുള്ളതെന്നും ജില്ലയിൽ ഭൂഗർഭജലം കൂടുതലുപയോഗിക്കുന്ന പെപ്സി കമ്പനി 2004-നു മുമ്പ് നിലവിൽ വന്നതായതിനാൽ പ്രത്യേക അനുമതി ആവശ്യമില്ലെന്നും 2010-ൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും പ്രതിദിനം 2.34 ലക്ഷം ലിറ്റർ ഭൂഗർഭജലം മാത്രം എടുക്കാനുള്ള അനുവാദം നൽകുവാനേ പാടുള്ളുവെന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും സർക്കാർ അതനുസരിച്ച് ഉത്തരവിറക്കിയിട്ടുണ്ടെങ്കിലും ഈ കമ്പനി സമാന്തരമായി മറ്റൊരു ഏജൻസിയെക്കൊണ്ട് പഠനം നടത്തിച്ച് റിപ്പോർട്ട്

കോടതിയിൽ സമർപ്പിച്ച് സർക്കാർ ഉത്തരവിനെതിരെ സ്റ്റേ വാങ്ങുകയുണ്ടായെന്നും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു എക്സ്പെർട്ട് കമ്മിറ്റി പഠനം നടത്തി 2013-ൽ തയ്യാറാക്കിയ റിപ്പോർട്ട് എ.ജി.യുടെ പരിഗണനയിലാണെന്നും നിലവിലെ സ്ഥിതിയനുസരിച്ച് പ്രതിദിനം 6 ലക്ഷം ലിറ്റർ വെള്ളം എടുക്കുന്നതിനാണ് അനുമതിയുണ്ടായിരുന്നതെന്നും എല്ലാ മാസവും ഗ്രൗണ്ട് വാട്ടർ വകുപ്പുദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ടെന്നും 4.5 ലക്ഷം ലിറ്റർ വെള്ളം വരെ പ്രതിദിനം എടുക്കുന്നതായാണ് പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതെന്നും ഗ്രൗണ്ട് വാട്ടർ വകുപ്പുദ്യോഗസ്ഥൻ സമിതി മുമ്പാകെ വിശദീകരിച്ചു

കേരളം, ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയെ നേരിടുന്ന സാഹചര്യത്തിൽ കമ്പനിയുടെ ഭൂഗർഭജല ചൂഷണം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും പാലക്കാട് ജില്ലയിൽ നിലവിൽ ഒരു കുഴൽക്കിണർപോലും കുഴിക്കാൻ ഗ്രൗണ്ട് വാട്ടർ വകുപ്പ് അനുമതി നൽകാത്ത സാഹചര്യത്തിൽ കമ്പനികൾ ലക്ഷക്കണക്കിന് ലിറ്റർ വെള്ളം ചൂഷണം ചെയ്ത് വിൽപ്പന നടത്തുകയാണെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ, ജില്ലയിലെ നിലവിലെ സാഹചര്യം സംബന്ധിച്ച് ജില്ലാ പഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കോടതി സ്റ്റേ നിലവിലുള്ളതിനാൽ പ്രസ്തുത വിഷയത്തിൽ ഗ്രൗണ്ട് വാട്ടർ വകുപ്പിന് കൂടുതലൊന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നും ഗ്രൗണ്ട് വാട്ടർ വകുപ്പ് ഉദ്യോഗസ്ഥൻ വിശദമാക്കി.

ആരോഗ്യ മേഖലയിൽ വരൾച്ച സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്നും പാലക്കാട് ജില്ലയിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, സാധാരണയായി മാർച്ച് മാസത്തിലാണ് മുൻകരുതൽ എടുക്കുന്നതെന്നും പല സ്ഥലങ്ങളിൽനിന്നും വെള്ളം എത്തിച്ച് സ്റ്റോർ ചെയ്താണ് പ്രദേശത്തെ വീടുകളിൽ ഉപയോഗിക്കുന്നതെന്നും ക്ലോറിനേഷൻ ഉൾപ്പെടെ ഒരു ട്രീറ്റ്മെന്റും നടത്താത്ത വെള്ളമാണ് ജലനിധി പദ്ധതി പ്രകാരം വിതരണം ചെയ്യുന്നതെന്നും പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ മറുപടി നൽകി. വരാൻപോകുന്ന അതികഠിനമായ വരൾച്ച ആരോഗ്യ രംഗത്ത് ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ മുന്നിൽക്കണ്ട് അടിയന്തര ഘട്ടത്തിൽ ഇടപെടുന്നതിനായി ഒരു മെഡിക്കൽ ടീം രൂപീകരിക്കണമെന്നും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു

യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പിരിഞ്ഞു.

ഉച്ചയ്ക്കുശേഷം സമിതി കഞ്ചിക്കോടുള്ള പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസ് (യൂണിറ്റ്-1) കമ്പനി സന്ദർശിക്കുന്നതിന് പുറപ്പെട്ടു. പ്രസ്തുത സ്ഥലത്ത് കമ്പനിക്ക സമീപം പരിസര വാസികൾ നിരാഹാര സമരം നടത്തുന്നത് സമിതി ശ്രദ്ധിക്കുകയും ഫാക്ടറിയിൽ നിന്നുണ്ടാകുന്ന ദോഷകരമായ കെമിക്കലുകൾ എന്തൊക്കെയാണെന്നും അത് പരിസരവാസികളെ ഏതുവിധത്തിൽ ബാധിക്കുന്നുവെന്നതും സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ എന്ന്

ആരായുകയും ചെയ്തു. സമീപവാസികൾക്കായി പി.എച്ച്.സി. മുഖേന ക്യാമ്പ് നടത്തിയിരുന്നെന്നും വായുമാലിന്യം കൂടാതെ പുകയും പൊടിയും ഉണ്ടാകുന്നുവെന്നും മലിനവാതകങ്ങൾ ഉണ്ടാകാനുള്ള സാധ്യത കുറവാണെന്നും ഉണ്ടാകുന്ന കാർബൺ മോണോക്സൈഡ് ഡൈല്യൂട്ട് ചെയ്തു പോകുന്നുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

തൊഴിലാളികൾക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന കമ്പനി ഉണ്ടാക്കുന്ന മാലിന്യ പ്രശ്നങ്ങളും തൊഴിലാളികളുടെ സുരക്ഷിതത്വമില്ലായ്മയും കാരണമാണ് ജനങ്ങൾ ഫാക്ടറിയെ എതിർക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു. തൊഴിലാളികളുടെ സുരക്ഷാ സംവിധാനങ്ങൾ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് കീഴിലാണ് വരുന്നതെന്നും കമ്പനിയിൽനിന്നും ദ്രവരൂപത്തിലുള്ള മാലിന്യങ്ങളൊന്നും പുറത്തു പോകുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ലെന്നും വായു മലിനീകരണം ഒഴിവാക്കുന്നതിനായി എല്ലാ സ്റ്റീൽ പ്ലാന്റുകളിലേതും പോലെ കൂളർ, പ്രൈമറി & സെക്കന്ററി ഫിൽറ്റർ, സ്ക്രബ്ബർ, ചിമ്മിനി എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഫാക്ടറിയിൽ നിന്നും പുറത്തുവരുന്ന പൊടിയുടെ അളവ് മോണിറ്റർ ചെയ്യുന്നതിനുള്ള സ്ഥിരസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പൊടിയുടെ അളവ് കാണിക്കുന്ന വലിയ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ വിശദമാക്കി.

പുക പുറത്തുപോകുന്നതിനായി സ്ഥാപിച്ചിട്ടുള്ള ചിമ്മിനിക്ക് നിയമ പ്രകാരമുള്ള പൊക്കമുണ്ടോയെന്നും പുറത്തുവിടുന്ന പുകയിൽ മനുഷ്യജീവന് ഹാനികരമായ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ചിമ്മിനിക്ക് നിയമപ്രകാരമുള്ളതിലും കൂടുതൽ ഉയരമുണ്ടെന്നും കഴിഞ്ഞവർഷം നാലു തവണ പുക പരിശോധിച്ചതിൽ ആദ്യ രണ്ടു തവണ അനുവദനീയമായതിലും അധികം പുകയുണ്ടായിരുന്നതായും അതിനു കാരണം ഫിൽറ്ററിനുണ്ടായ തകരാറാണെന്നും പിന്നീടു നടത്തിയ പരിശോധനയിൽ പുകയുടെ അളവ് അനുവദനീയ അളവിനുള്ളിലായിരുന്നെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിർദ്ദേശപ്രകാരം ഉയർന്ന ഊഷ്മാവിനെ അതിജീവിക്കുന്ന സ്പെഷ്യൽ ടൈപ്പ് ഫിൽറ്ററുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും പരിസരവാസികളുടെ പരാതികൾ നിലനിൽക്കുന്നതിനാൽ 2015-ന് ശേഷം മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി. കമ്പനിക്കു നൽകിയിട്ടില്ലെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥൻ വിശദീകരണം നൽകി.

തുടർന്ന് സമിതി കമ്പനിയിലെ തൊഴിലാളികളുടെ എണ്ണം എത്രയെന്നു ആരാഞ്ഞതിന് ഇതര സംസ്ഥാനക്കാർ ഉൾപ്പെടെ 130-ഓളം ജോലിക്കാരുണ്ടെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ അനുസരിച്ചാണ് കമ്പനി പ്രവർത്തിച്ചു വരുന്നതെന്നും വർഷങ്ങളായി കമ്പനിയിൽ ജോലിചെയ്യുന്ന ആർക്കും ഇതു വരെ മാറാരോഗങ്ങൾ പിടിപ്പെട്ടതായി അറിയില്ലെന്നും കമ്പനി എം.ഡി. മറുപടി നൽകി. കമ്പനിയിലെ തൊഴിലാളികളിൽ നിന്നും സമിതി വിശദീകരണം ചോദിച്ചതിന് കമ്പനിക്ക്

അനുകൂലമായ മറുപടിയാണ് തൊഴിലാളികളിൽ നിന്നും ലഭിച്ചത്. തുടർന്ന് കമ്പനിയിൽ സ്ഥാപിച്ചിട്ടുള്ള ഫിൽറ്ററിംഗ് യൂണിറ്റും ചിമ്മിനിയും സമിതി കാണുകയും അതിനുശേഷം പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസ് (യൂണിറ്റ്-2) നോട് ചേർന്നുള്ള കോരയാർപ്പുഴയുടെ ഭാഗം സന്ദർശിക്കുകയും ചെയ്തു.

കോരയാർപ്പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ ഇരുവശവും മാലിന്യങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിലാക്കി നിക്ഷേപിച്ചിരിക്കുന്നതും പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസ് (യൂണിറ്റ്-2) കമ്പനിയോട് ചേർന്നുള്ള കോംപ്ലക്സിൽനിന്നും മലിനജലം പുഴയിലേക്ക് ഒഴുക്കിവിടുന്നതും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. പാലത്തിനിരുവശത്തും ക്യാമറകൾ സ്ഥാപിക്കണമെന്നും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കേസ്സെടുക്കണമെന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. തുടർന്ന് സമിതി വൈകുന്നേരം 5.00 മണിയോടുകൂടി ഒറ്റപ്പാലത്ത് (ഷൊർണ്ണൂർ പാലത്തിനു താഴെ ഭാഗത്തുള്ള ശാന്തിതീരം) എത്തിച്ചേരുകയും ഭാരതപ്പുഴയുടെ നിലവിലെ വരൾച്ചയ്ക്കുള്ള കാരണങ്ങൾ വിലയിരുത്തുകയും പ്രദേശവാസികളിൽ നിന്നും നിവേദനം സ്വീകരിക്കുകയും ചെയ്തു. പുഴ സംരക്ഷണത്തിനായി ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു പദ്ധതി ഇതുവരെ ഉണ്ടായിട്ടില്ലെന്നും പുഴ നിലനിൽക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിച്ചെങ്കിൽ മാത്രമേ പുഴയെ സംരക്ഷിക്കാനാകു എന്നും സമിതി അഭിപ്രായപ്പെട്ടു. അനധികൃത മണ്ണെടുപ്പും, പുഴ കയ്യേറ്റവും പുഴയിലേക്ക് ജലം എത്തിക്കുന്ന തോടുകളും കുളങ്ങളും നികത്തപ്പെട്ടതും പുഴ വറ്റിവരളുന്നതിന് കാരണമായതായി സമിതി നിരീക്ഷിച്ചു. പുഴയ്ക്കു ചുറ്റുമുള്ള ഗ്രൗണ്ട് വാട്ടർ റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയാലേ പുഴയിലേക്കുള്ള നീരൊഴുക്ക് വർദ്ധിക്കുകയുള്ളുവെന്നും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പറഞ്ഞു.

പട്ടാമ്പി ടൗണിലെത്തിയ സമിതിയെ അനുഗമിച്ച സ്ഥലം എം.എൽ.എ., പുഴയുടെ കരയിൽ മാലിന്യങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിലാക്കി നിക്ഷേപിച്ചിരിക്കുന്നതും മഴ പെയ്യുമ്പോൾ മനുഷ്യവിസർജ്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുകുന്നതായും അറിയിച്ചു. സമീപത്തുള്ള ഹോട്ടലുകളിലും പട്ടാമ്പി മുനിസിപ്പാലിറ്റിയിലെ കുടിവെള്ള സ്രോതസ്സുകളിലും ഇവിടെനിന്നാണ് വെള്ളമെടുക്കുന്നതെന്നും സമീപ കെട്ടിടങ്ങളിലെയും നഗരസഭയുടെ ഡ്രെയിനേജുകളിലെയും മാലിന്യങ്ങൾ പുഴയിലേയ്ക്കാണ് ഒഴുക്കുന്നതെന്നും ഇതിനെതിരെ മുനിസിപ്പാലിറ്റി അധികൃതർ നടപടി സ്വീകരിക്കുന്നില്ലെന്നും പ്രദേശവാസികൾ സമിതിയെ ധരിപ്പിച്ചു.

ഭാരതപ്പുഴയുടെ സംരക്ഷണത്തിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരു സയന്റിഫിക് പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കണമെന്ന് പൊല്യൂഷൻ കൺട്രോൾ ബോർഡ് ഉദ്യോഗസ്ഥരോടും പുഴയെ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അധികൃതരോടും സമിതി നിർദ്ദേശിച്ചു.

സമിതിയുടെ സന്ദർശനം വൈകുന്നേരം 6.45-ന് അവസാനിച്ചു.

## അനുബന്ധം I (b)

## 15-6-2017-ലെ യോഗനടപടിക്കുറിപ്പ്

പരിസ്ഥിതി സംബന്ധിച്ച സമിതി, 2017 ജൂൺ 15-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. അനിൽ അക്കര, എം.എൽ.എ.
2. ശ്രീ. കെ.ബാബു, എം.എൽ.എ.
3. ശ്രീ. ഒ.ആർ. കേളു , എം.എൽ.എ.
4. ശ്രീ. പി.ടി.എ. റഹീം , എം.എൽ.എ.
5. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ.എസ്. അനസ്, അഡീഷണൽ സെക്രട്ടറി
2. ശ്രീ. രാജു കെ.എ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷീബ വർഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജയിംസ് വർഗ്ഗീസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
2. ഡോ. ആശ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി , പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. എൽ.പി. ചിത്തർ, ഡയറക്ടർ (DW), ശുചിത്വ മിഷൻ
4. ശ്രീ. കെ.എൻ. സതീഷ്, ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

5. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

6. ശ്രീമതി എൽ. ഗീത, അഡീഷണൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്

7. ശ്രീമതി താര സാമുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്

8. ശ്രീമതി എൽ. സിന്ധു, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

9. ശ്രീ. പി.എൽ. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി, വ്യവസായ വാണിജ്യ വകുപ്പ്

10. ഡോ. വി. മീനാക്ഷി, അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്

11. ശ്രീ. എം. പി. അജിത് കുമാർ, അഡീഷണൽ ഡയറക്ടർ, പഞ്ചായത്ത് ഡിപ്പാർട്ട്മെന്റ്

12. ഡോ. ഉമ്മുസെൽമ, ജോയിന്റ് ഡയറക്ടർ (ആരോഗ്യം), നഗരകാര്യ വകുപ്പ്

13. ശ്രീ. സുരേഷ്കുമാർ, ജോയിന്റ് ഡയറക്ടർ, വ്യവസായ വകുപ്പ്

14. ശ്രീ. സബിൻ സമീദ്, അസിസ്റ്റന്റ് കമ്മീഷണർ , റവന്യൂ വകുപ്പ്

15. ഡോ. കെ. സക്കീന, ഡി.എം.ഒ., മലപ്പുറം

16. ഡോ. കെ.പി. റീത്ത, ഡി.എം.ഒ., പാലക്കാട്

17. ശ്രീ. ജെ. രവീന്ദ്രൻ, ചീഫ് എഞ്ചിനീയർ, (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

18. ശ്രീ. എം. എൻ. ജീവരാജ്, ചീഫ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

19. ശ്രീ. കെ. എ. ജോഷി, ചീഫ് എഞ്ചിനീയർ (പ്രോജക്ട് - II), തിരുവനന്തപുരം

20. ശ്രീ. ആർ. പ്രിയേഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ), തിരുവനന്തപുരം

21. ശ്രീമതി എസ്. ശ്രീകല, സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം

22. ശ്രീ. രാജ്മോഹൻ, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്

23. ശ്രീ. എ.ജി. ഗോപകുമാർ, സീനിയർ ഹൈഡ്രോജിയോളജിസ്റ്റ്, ഭൂജല വകുപ്പ്.

ഭാരതപ്പുഴയുടെ മലിനീകരണവും വരൾച്ചയും സംബന്ധിച്ച് പാലക്കാട് കളക്ടറേറ്റിൽ നടന്ന യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പരിസ്ഥിതി സംഘടനകൾ, പരിസ്ഥിതി പ്രവർത്തകർ എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ഭാരതപ്പുഴയുടെ ചില ഭാഗങ്ങൾ നേരിട്ട് സന്ദർശിച്ച് ബോധ്യപ്പെടുകയും ചെയ്തതിൽ നിന്ന് ഭാരതപ്പുഴയുടെ ദയനീയ സ്ഥിതിക്ക് പരിഹാരമാകുന്ന നിർദ്ദേശങ്ങൾ സമിതിക്ക് ലഭിക്കാത്തതിനാലാണ് ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാരിൽ നിന്നും ഉദ്യോഗസ്ഥന്മാരിൽ നിന്നും വീണ്ടും തെളിവെടുപ്പ് നടത്താൻ സമിതി തീരുമാനിച്ചതെന്നും സാധാരണയിൽനിന്ന് വ്യത്യസ്തവും സമഗ്രവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ വിവരങ്ങൾ നൽകണമെന്നും സമിതി അദ്ധ്യക്ഷൻ ആമുഖമായി അറിയിച്ചു.

ഭാരതപ്പുഴയുടെ സംരക്ഷണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടത് റവന്യൂ വകുപ്പാണെന്നും ഇത് സംബന്ധിച്ച റവന്യൂ വകുപ്പിന്റെ അഭിപ്രായമെന്തെന്നും സമിതി ആരാഞ്ഞതിന്, പുഴയിൽനിന്നും ഒരു വർഷം എടുക്കാവുന്ന മണൽ എത്രയെന്ന് നിജപ്പെടുത്തുക, സാന്റ് ഓഡിറ്റിംഗ് നടത്തുക, മണൽ വിറ്റ് കിട്ടുന്ന തുക റിവർമാനേജ്മെന്റ് ഫണ്ടിൽ നിക്ഷേപിക്കുക, പ്രസ്തുത തുക ഉപയോഗിച്ച് നദിയുടെ തീര സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് റവന്യൂ വകുപ്പിൽ നിക്ഷിപ്തമായ ചുമതലകളെന്ന് റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ഭാരതപ്പുഴയുടെ കാര്യത്തിൽ 'മൈത്രി' എന്ന ഏജൻസിയെ സാന്റ് ഓഡിറ്റിംഗിനായി ചുമതലപ്പെടുത്തിയെങ്കിലും പ്രസ്തുത ഏജൻസി യഥാസമയം സാന്റ് ഓഡിറ്റ് റിപ്പോർട്ട് നൽകാത്തതിനാൽ മണലെടുപ്പ് സംബന്ധിച്ച നടപടികൾ സാധിക്കാതെ വന്നുവെന്നും ആയതിനാൽ ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഒരു എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിച്ചുവെന്നും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ സർക്കാർ അംഗീകാരത്തോടെ മണലെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു. ഭാരതപ്പുഴയുമായി ബന്ധപ്പെട്ട സാന്റ് ഓഡിറ്റ് പൂർത്തീകരിക്കാത്തത് കുറ്റകരമായ അനാസ്ഥയാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഭാരതപ്പുഴ വർഷത്തിൽ മൂന്നോ നാലോ മാസം മാത്രമേ പൂർണ്ണരൂപത്തിൽ കാണപ്പെടുന്നുള്ളുവെന്നതിന്റെ കാരണം ശാസ്ത്രീയമായി അന്വേഷിക്കണമെന്നും ഭാരതപ്പുഴയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നത് അതിന്റെ നിലനിൽപ്പിന് അനിവാര്യമായതിനാൽ ഇതിനാവശ്യമായ നടപടികൾ ജലവിഭവ വകുപ്പ്, മറ്റുവകുപ്പുകൾ എന്നിവയുടെ ഏകോപനത്തോടെ റവന്യൂ വകുപ്പ് സ്വീകരിക്കണമെന്ന സമിതിയുടെ നിർദ്ദേശത്തിന്, അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

ഭാരതപ്പുഴയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പിന്റെ അഭിപ്രായമെന്തെന്ന് സമിതി ആരാഞ്ഞതിന്, ഭാരതപ്പുഴയുടെ ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിനാണെന്നും വകുപ്പ് ഏതെങ്കിലും പദ്ധതി നടപ്പിലാക്കുമ്പോൾ തർക്കമുണ്ടായാൽ റവന്യൂ വകുപ്പിന്റെ സഹായം തേടുകയും അവർ സർവ്വേ നടത്തി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) സമിതിയെ ധരിപ്പിച്ചു. മംഗലം, ചുള്ളിയാർ, മലമ്പുഴ തുടങ്ങിയ ഡാമുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഭാരതപ്പുഴയുടെ ഒഴുക്കിനായി ഏകദേശം 2300 കോടി രൂപ ചെലവുവരുന്ന ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തത്വത്തിൽ അംഗീകാരം നൽകിയെന്നും കുറച്ച് മാറ്റങ്ങൾ വരുത്തിയതിനുശേഷം പ്രൊപ്പോസൽ സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വെളിപ്പെടുത്തി. സാന്റ് മൈനിംഗിൽ ശാസ്ത്രീയമായതും കൃത്യമായതുമായ ഓഡിറ്റിംഗ് ആവശ്യമാണെന്നും എല്ലാ വകുപ്പുകളും ഏകോപിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഭാരതപ്പുഴയെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്നും അദ്ദേഹം സമിതിയെ അറിയിക്കുകയും അതിനായി ജലവിഭവ വകുപ്പിന്റെ പൂർണ്ണ സഹകരണം ഉറപ്പുനൽകുകയും ചെയ്തു.

നദികളുടെ ഒഴുക്ക്, അതിന്റെ സ്വഭാവമനുസരിച്ച് എത്ര ഡാമുകൾ വേണം, ഡാം ഉണ്ടായിരിക്കുന്നത് നല്ലതോ മോശമോ എന്നീ ചർച്ചകൾ ലോകത്ത് നടന്നുവരികയാണെന്നും നദിയിലെ ഒഴുക്കിനെ തടയുന്നതൊന്നും പാടില്ലെന്നും ഒരു മനുഷ്യനുള്ള സ്വാതന്ത്ര്യം മുഴുവനും ഒരു നദിക്ക് കൊടുത്തുകൊണ്ടും ന്യൂസിലാന്റ് പാർലമെന്റ് പാസാക്കിയ നിയമംമൂലം Whanganui നദിയിലെ എല്ലാ ഡാമുകളും പൊളിച്ചുകളയുകയാണെന്നും ഇപ്രകാരം ലോകത്ത് നടപ്പാക്കുന്ന പുതിയ കാര്യങ്ങൾ, കാഴ്ചപ്പാടുകൾ, ശാസ്ത്രീയമായ അന്വേഷണങ്ങൾ എന്നിവ മനസ്സിലാക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. നദിയുടെ തീരത്ത് വളർത്തേണ്ട വൃക്ഷങ്ങൾ ഏതെല്ലാമാണെന്ന് തിരിച്ചറിയുകയും മഴക്കാലത്ത് നദിയുടെ തീരത്ത് വീഴുന്ന വെള്ളം വേനൽക്കാലത്ത് നദിയിലേക്ക് എത്തിക്കാൻ കഴിയുന്ന വിധത്തിൽ എങ്ങനെ മണ്ണിലേക്ക് താഴ്ത്തുമെന്ന് പരിശോധിക്കുകയും ചെയ്യുകയാണ് നദിയെ സംരക്ഷിക്കാൻ ഏറ്റവും നല്ലത് എന്ന് ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും ഭാരതപ്പുഴയുടെ ഇരുകരകളിലും നിലവിലുള്ളതിന് പുറമെ കുറച്ചുകൂടി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതുണ്ടോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ മാത്രമേ റിപ്പോർട്ട് ശാസ്ത്രീയമാകുകയുള്ളൂ എന്നും സമിതി അഭിപ്രായപ്പെട്ടു.

വിവിധ വകുപ്പുകളുമായി ആലോചിച്ചതിനുശേഷമാണ് ഭാരതപ്പുഴയുടെ സംരക്ഷണാർത്ഥം 2336 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്നും അണക്കെട്ടുകളെല്ലാം നദിയെ സംരക്ഷിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങളാണെന്നും മഴവെള്ളം മണ്ണിലേക്ക്

ആഴ്ന്നിറങ്ങി അത് വരൾച്ചക്കാലത്ത് ചെറിയ അരുവികളിലൂടെ പുഴയിലേക്ക് എത്തുന്ന രീതിയിലുള്ള പദ്ധതിയാണ് ഹരിത കേരളം മിഷനിലൂടെ ആവിഷ്കരിച്ചിരിക്കുന്നതെന്നും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) അറിയിച്ചു. കൂടാതെ ഡാമുകളുടെ സംഭരണശേഷി കൂട്ടുന്നതിനായി എല്ലാ ഡാമുകളും ഡീ-സിൽറ്റേഷൻ ചെയ്യണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഇതൊരു പദ്ധതിയായി ഏറ്റെടുക്കുകയും നടപ്പു സാമ്പത്തിക വർഷം ഇതിനായി 25 ലക്ഷം രൂപ നീക്കിവെയ്ക്കുകയും എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തി യോഗങ്ങൾ ചേരുകയും ചെയ്തിട്ടുണ്ടെന്ന് പാലക്കാട് ഡെപ്യൂട്ടി കളക്ടർ (LR) അറിയിച്ചു.

ഭാരതപ്പുഴയെ സംരക്ഷിക്കണമെങ്കിൽ നദിയുടെ കരയിലുള്ള റോഡുകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ പരിസ്ഥിതി സൗഹാർദ്ദപരമായ നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നും ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായമെന്തെന്നും സമിതി ആരാഞ്ഞു. ഭാരതപ്പുഴയുടെ ഉടമസ്ഥാവകാശം ഏതെങ്കിലുമൊരു വകുപ്പിന് അനുവദിച്ച് കൊടുക്കാത്തതാണ് ഈ നദിയുടെ ശോച്യാവസ്ഥയ്ക്ക് കാരണമെന്നും ഭാരതപ്പുഴയുടെ സംരക്ഷണം സംബന്ധിച്ച് ഒരു വിദഗ്ദ്ധസമിതി ശാസ്ത്രീയമായി പഠിച്ചതിനുശേഷം പദ്ധതി തയ്യാറാക്കിയാൽ മാത്രമേ അത് കാര്യക്ഷമമാകൂ എന്നും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

ഭൂഗർഭ ജലസംരക്ഷണം സംബന്ധിച്ച് സമിതി അഭിപ്രായം ആരാഞ്ഞതിന്, ഭൂഗർഭജല ചൂഷണം സാന്റ് മൈനിംഗിനേക്കാൾ ഭീകരമായ കാര്യമാണെന്നും ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യപ്പെടുമ്പോൾ വാട്ടർലെവൽ താഴ്ന്നു പോകുന്നുവെന്നും അതിനാൽ അതിന് അനുവദനീയമായ ഒരു പരിധി ഏർപ്പെടുത്തണമെന്നും ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർ (പ്രോജക്ട് II) അറിയിച്ചു.

ജലം എടുക്കുന്ന അളവു സംബന്ധിച്ച് എന്തെങ്കിലും നിയമമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ഭൂജല നിയന്ത്രണ ക്രമീകരണ നിയമം നിലവിലുണ്ടെന്നും ഓരോ പ്രദേശത്തും എത്ര അളവിൽ വെള്ളമെടുക്കാമെന്നത് ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിലുള്ള പതിമൂന്നംഗ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതാണെന്നും വെള്ളം എടുക്കുന്നതിനുവേണ്ടി ആവശ്യക്കാർ അപേക്ഷ സമർപ്പിക്കുമ്പോൾ ഇതു സംബന്ധിച്ച് ഫീൽഡ് ടെസ്റ്റ് നടത്തിക്കഴിഞ്ഞതിനുശേഷമാണ് കമ്മിറ്റി അനുമതി നൽകുന്നതെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) അറിയിച്ചു.

അനുവദനീയമായ പരിധിയിൽ കൂടുതൽ ജലം എടുക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥർക്ക് പ്രത്യേക നിർദ്ദേശം കൊടുക്കുകയും വകുപ്പ് തലത്തിൽ ആവശ്യമായ നിരീക്ഷണ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ടെന്ന് ഭൂഗർഭജല വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പാരഗൺ സ്റ്റീൽ എന്ന സ്വകാര്യ കമ്പനി കക്കൂസ് മാലിന്യങ്ങളും വ്യവസായ മാലിന്യങ്ങളും കോരയാർ പുഴയിലേക്ക് തള്ളുന്നതിനെതിരെ നടപടിയൊന്നും സ്വീകരിക്കാത്തതെന്തെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ആരാഞ്ഞതിന്, എല്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം വിളിച്ച് പതിനഞ്ച് ദിവസത്തിനകം നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ മറുപടി നൽകി.

പരിസ്ഥിതി സംബന്ധിച്ച സമിതി ഭാരതപ്പുഴയുടെ ചില ഭാഗങ്ങൾ സന്ദർശിച്ച വേളയിൽ കണ്ടെത്തിയ അപാകതകളിന്മേൽ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പാരഗൺ സ്റ്റീൽ കമ്പനിയിൽ നിന്നും പ്രധാനമായി പുറന്തള്ളുന്ന സ്ലാഗ് എന്ന വേസ്റ്റ് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് പുഴയുടെ വശങ്ങൾ വൃത്തിയാക്കുകയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്തുകൊണ്ട് പുഴയുടെ ആഴം വീണ്ടെടുക്കുന്നതിനുള്ള നടപടിയും പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പുഴയുടെ തീരങ്ങളിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു. പുഴകളിൽ മാലിന്യ നിർമ്മാർജ്ജനം നടത്തിയാലും വീണ്ടും മാലിന്യം നിക്ഷേപിക്കുന്ന അവസ്ഥ നിലവിലുണ്ടെന്നും ഇതിനെതിരെ പൊതുജനങ്ങൾക്ക് പാരിസ്ഥിതികാവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്നും, മാലിന്യ നിക്ഷേപം കൂടുതലുള്ള സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പഞ്ചായത്തുമായി ചർച്ച ചെയ്തിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഹോട്ടൽ മാലിന്യം ഉൾപ്പെടെയുള്ള വേസ്റ്റുകൾ പൊതു സ്ഥലങ്ങളിലും നദികളിലും തോടുകളിലും നിക്ഷേപിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുന്നതിന് സാധിച്ചിട്ടില്ലെന്നും ചെറിയ ഹോട്ടലുകൾക്ക് ലൈസൻസ് നൽകേണ്ടത് പഞ്ചായത്തോ മുനിസിപ്പാലിറ്റികളോ ആണെന്നും വലിയ ഹോട്ടലുകൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അധികാര പരിധിയിലാണെന്നും മാലിന്യ നിക്ഷേപം വ്യാപകമായതിനാൽ 2017 മേയ് മാസത്തിൽ ഹോട്ടൽ ഓണേഴ്സ് അസോസിയേഷനുമായി ഒരു യോഗം നടത്തിയെന്നും ഉറവിടത്തിൽ മാലിന്യ സംസ്കരണ സംവിധാനമില്ലാത്ത സ്ഥാപനങ്ങളുടെ വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും വിച്ഛേദിക്കണമെന്ന സുപ്രീം കോടതിവിധി നിലിവിലുണ്ടെന്നും വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

ജലമലിനീകരണവുമായി ബന്ധപ്പെട്ട കുറ്റങ്ങൾക്കെതിരെ കേസെടുത്ത് ശിക്ഷാ നടപടി സ്വീകരിക്കണമെന്ന സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കിയാൽ മാത്രമേ മാലിന്യപ്രശ്നങ്ങളിൽ പരിഹാരമുണ്ടാവൂ എന്ന് സമിതി അഭിപ്രായപ്പെട്ടു. ഇതിന് മറുപടിയായി ഹോട്ടലുകൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പുറന്തള്ളുന്ന മാലിന്യങ്ങൾ

സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനം അതത് സ്ഥാപനങ്ങൾ ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് നിരവധി കത്തുകൾ അയച്ചുവെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല എന്നും ഇക്കാര്യം ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു.

ഭാരതപ്പുഴയിലെ ജലം മതിയായ രീതിയിൽ ശുദ്ധീകരണം നടത്തി വിതരണം ചെയ്യുന്നതിന് പഞ്ചായത്തുകൾ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, കുറ്റിപ്പുറത്ത് കോളറ വ്യാപകമായതിന്റെ അടിസ്ഥാനത്തിൽ ജലനിധിയുമായി സഹകരിച്ചുകൊണ്ട് പഞ്ചായത്തും പൊതുമരാമത്ത് വകുപ്പും യോജിച്ചുകൊണ്ട് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിരുന്നുവെന്നും ഇത്തരം സംവിധാനം മറ്റ് പഞ്ചായത്തുകളിലും പ്രാവർത്തികമാക്കിയാൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളുവെന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

ഭാരതപ്പുഴയുമായി ബന്ധപ്പെട്ട് നിരവധി കുടിവെള്ള പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടെന്നും ഈ കുടിവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിലും കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ജലമലിനീകരണ നിർമ്മാർജ്ജനത്തിന് ആരോഗ്യ വകുപ്പ് പ്രഥമ പരിഗണന നൽകിയില്ലെങ്കിൽ കേരളത്തിൽ രോഗങ്ങൾ വ്യാപകമാകുന്ന അവസ്ഥ സംജാതമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കോമൺ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം പ്രാവർത്തികമായാൽ മാത്രമേ ഇതിനൊരു പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളുവെന്നും ഇതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്നും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ഭാരതപ്പുഴയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ ഏതെങ്കിലും വകുപ്പ് മുൻകൈയെടുത്ത് എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന്, സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഒരാൾക്ക് ചുമതല കൊടുത്തുകൊണ്ട് ഈ പദ്ധതി കാര്യക്ഷമമായി നടത്തുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്നും ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളുടെയും ഏകോപനമുണ്ടായാൽ മാലിന്യ സംസ്കരണം നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നതാണെന്നും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഇത്തരത്തിൽ ഒരു ശിപാർശ നൽകണമെന്ന് സമിതി തീരുമാനിച്ചു

പാരഗൺ സ്റ്റീൽ എന്ന സ്ഥാപനം ആരംഭിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നും എൻ.ഒ.സി. കൊടുത്തിട്ടില്ല എന്ന് സമിതിയുടെ ചോദ്യത്തിന് മറുപടിയായി പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

നദിയോര മേഖലകളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുമ്പോൾ വിവിധ വകുപ്പുകൾ അനുമതി കൊടുക്കുകയും പരിശോധന നടത്തുകയും ചെയ്യുന്നുണ്ടെങ്കിലും വ്യവസായ വകുപ്പ് ഇക്കാര്യത്തിൽ അലംഭാവം കാണിക്കുന്നതായുള്ള പരാതി സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ഇക്കാര്യത്തിലുള്ള അനുമതി വ്യവസായ സ്ഥാപനങ്ങൾക്ക് കൊടുക്കുന്നത് മലിനീകരണ നിയന്ത്രണ ബോർഡ്, പഞ്ചായത്ത്, മറ്റു വകുപ്പുകൾ എന്നിവയാണെന്നും വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനോ അവർക്കെതിരെ നടപടി സ്വീകരിക്കാനോ ഉള്ള യാതൊരു അധികാരവും വ്യവസായ വകുപ്പിനില്ലെന്നും വ്യവസായ വകുപ്പ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

പാരഗൺ സ്റ്റീൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം കോരയാർ പുഴയിൽ മാലിന്യങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിലാക്കി നിക്ഷേപിക്കുന്നുവെന്ന പരാതിയെക്കുറിച്ച് സമിതി ആരാഞ്ഞു. കോരയാർ പുഴയുടെ തീരത്ത് പത്തുകൊല്ലം മുമ്പ് മലിനീകരണമുണ്ടായിരുന്നുവെന്നും പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി കാവൽ സംഘം രൂപീകരിച്ച് രാത്രികാല പരിശോധനകളടക്കം നടത്തി വരുന്നതിനാൽ ഇപ്പോൾ കൂടുതൽ മലിനീകരണമില്ലെന്നാണ് അറിയാൻ കഴിയുന്നതെന്നും വ്യവസായ മേഖലയ്ക്ക് പുറത്തുള്ള സ്ഥാപനമായതിനാൽ പഞ്ചായത്തു വകുപ്പാണ് പ്രസ്തുത സ്ഥാപനത്തിന്റെ ഉത്തരവാദിത്വം കൂടുതലായി ഏറ്റെടുക്കേണ്ടതെന്നും പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ സമിതിയെ അറിയിച്ചു.

മലിനീകരണ നിയന്ത്രണ ബോർഡ്, പഞ്ചായത്ത്, വ്യവസായം, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെയും നാട്ടുകാരുടെയും ആവശ്യപ്രകാരം പ്രസ്തുത പുഴയുടെ രണ്ട് സൈഡിലും ക്യാമറകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന്; പ്രസ്തുത പുഴയുടെ തീരത്ത് ക്യാമറ സ്ഥാപിക്കണമെന്ന നിർദ്ദേശം ലഭിച്ചിട്ടില്ലെന്നും 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങളിലുൾപ്പെടുത്തി കോരയാർപുഴയുടെ മലിനീകരണം പരിശോധിക്കാനായി സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ കുറേക്കൂടി ശക്തമായ പരിശോധനകൾ നടത്താൻ സാധിക്കുമെന്നും മലിനീകരണ നിയന്ത്രണ ബോർഡ് സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിച്ചു

പ്രസ്തുത നദിയോരത്ത് ക്യാമറകൾ സ്ഥാപിക്കാനുള്ള നിർദ്ദേശം വയ്ക്കണമെന്ന സമിതിയുടെ അഭിപ്രായത്തിന് പഞ്ചായത്ത് വകുപ്പിനെക്കൊണ്ട് ക്യാമറകൾ സ്ഥാപിപ്പിക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് പാലക്കാട് മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിച്ചു.

ഭാരതപ്പുഴയിലെ ജലദൗർലഭ്യവും മണൽവാരലും മാലിന്യനിക്ഷേപവും സൃഷ്ടിക്കുന്ന പാരിസ്ഥിതികാഘാതം സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന സമിതി അധ്യക്ഷന്റെ ചോദ്യത്തിന് ഇത്തരം കാര്യങ്ങളിൽ മലിനീകരണ നിയന്ത്രണ

ബോർഡാണ് നടപടി സ്വീകരിക്കേണ്ടതെന്നും ഭാരതപ്പുഴയുടെ പുനരുജ്ജീവനം സംബന്ധിച്ച പഠനം ഇതുവരെ നടത്തിയിട്ടില്ലെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു. എല്ലാ വകുപ്പുകളുടെയും പ്രാതിനിധ്യത്തോടുകൂടി സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു മൾട്ടി ഡിസിപ്ലിനറി റിവർ ബേസിൻ അതോറിറ്റി രൂപീകരിച്ച് അതിന്റെ ചുമതല ജലവിഭവ വകുപ്പിനു നൽകിയാൽ ഭാരതപ്പുഴയുടെ സംരക്ഷണം കാര്യക്ഷമമാക്കാനാവുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.50-ന് അവസാനിച്ചു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.